THE CHURCH WEEKLY

Vol. VIII.	SUNDAY 17th JANUARY 1954	PRICE 2 ANNAS PER COPY	NO. 3

HOW TO LEAD A DISCUSSION

(By W. Herbert Grant)

I

Do you really want to lead a discussion? and is your Fellowship ready for one? Before you shout yes to either question, take a good look at yourself and your group.

The group, for instance, must have two very important and seemingly contradictory qualities, it must have a spirit of unity and it must have honest differences. If the group does not have sufficient unity to be willing to work together to achieve a common purpose, the discussion may quickly degenerate into an arena of antagonisms where the opposing sides get not much further than repeating, ' 'tis, ' 'tis not.' This doesn't mean that everybody has to be old friends in order to discuss, but it does mean a sufficient common ground.

On the other hand, honest differences of opinion, point of view, wide range of family school, race, and a willingness to express these differences, will all help to make a discussion group more vital. There will be no chance of forgetting some important angle if different sorts of people are tackling the same problem.

One more thing about your group, before it's ready to discuss. Most of its members need to be able to think out loud! That's why there needs to be spirit of unity, because folks are going to have to speak right out with what they honestly think about the subject in hand. They must neither act as though they knew all about it, when they don't nor hold back a pertinent comment because they think it will sound queer. It may seem as if we were making a big job of a simple matter, but these are important prerequisites.

You might also give some earnest, prayerful thought to the spiritual needs of your group. Discussion is not just a matter of facts, figures, opinions, and problems. It is more concerned with convictions, sharing of ideals, achievement of understanding, and dedication to the best in Christian living. It would be a mistake to forget about the spiritual needs of your Fellowship as you think of your assignment as a discussion leader. Now that you have decided to lead a discussion you will of course......

Get Ready

1. Choose the question for discussion. You probably won't do that all by yourself. Perhaps the group has already decided that they have to have a session on 'What can we do to deepen the spiritual life of our Fellowship?' Or some other pressing subject. If they have, you are well started. If not, you had better have the help of a planning group, or a representative programme committee, so that you can be sure you have a discussable question—discussable for your group, that is, for that question must have two credentials. First, it must be of a controversial nature. The first credential may be acquired by bringing the group into a 'common' experience by letting them see a short film, or hear a story, or carry through a study of a parable, then the ground-work is laid. The second credential usually takes care of itself. But when it appears that everybody is absolutely agreed in every particular—then it's time to find another subject.

2. Write out a statement of the topic to be discussed. Make it simple and direct, for instance, 'What is Wrong About Gambling?'

The next step is to think up three or four questions which will bring out differences of opinion which you think are in the group. For instance, 'Does gambling harm the winner?' 'What do you say when a friend asks you to buy a chance as a part of a charity money-raising plan?'

The general topic may not be sufficient to get the group's interest because it may appear to meet immediate condemnation or agreement. But you can usually find some particular phase of the subject which strikes near enough home to get attention. That's why you have to size up your group and get hold of the questions which will bring out the differences of opinion that you know exist.

3. Now some essential details concerning persons, places and time.

Persons : the number of individuals who can take part in a discussion group is limited. The minimum is about five, the maximum, twenty. If your group is much larger than twenty, divide it into two sections, or if that is impossible, use a forum or panel presentation. But remember, discussion at its best has definite limits in regard to numbers.

Place : give careful attention to the arragement of the room. Chairs should be in a circle, or around a table. The important consideration is an arrangement so that every person can see every other person's face. Don't leave the seats in regular class-room

മലബാർ ഭദ്രാസനസന്ദർശനം

(ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്)

ചുള്ളിപ്പാ, ഒലവക്കോട്ട് 11-1-1954.

രണ്ടാഴ്ചയായി ബാഹ്യലോകമായി ഞങ്ങൾക്കു യാതൊരു ബന്ധവുമില്ല. വർത്തമാനപത്രം ഇവിടങ്ങളിൽ ആരും വരുത്തുന്നില്ല. മുളന്തുരുത്തിയിൽനിന്നു വരേണ്ടതായ എന്റെ എഴുത്തുകെട്ടും പത്രക്കെട്ടും കാണുന്നില്ല. ബാവാതിരുമനസ്സുകൊണ്ടു വെല്ലൂരാണെന്നു അറിയാം. കെ. സി. മാമ്മൻ മാപ്പിള ചരമം പ്രാപിച്ചെന്നു പറഞ്ഞുകേട്ടു. ചെറിയ മഠത്തിൽ മല്പാനച്ചനു സൗഖ്യമല്ലേ എന്നു ഒരാൾ ചോദിച്ചതിനു അദ്ദേഹം മരിച്ചുപോയല്ലോ എന്നു ഞാൻ മറുപടി പറഞ്ഞു.

പുളിയക്കോട്ടു സന്ധ്യതോറും നടന്ന യോഗങ്ങളിൽ ജനക്കൂട്ടത്തിനു കാപ്പി, അവൽ, പഴം, കപ്പക്കിഴങ്ങ് എന്നീ ലഘുഭക്ഷണമുണ്ടായിരുന്നു. അവിടെ നിന്നു കാർ ഞങ്ങൾ ഇരുപതു നാഴിക കിഴക്കോട്ടോടിച്ചു മണ്ണാർകാട്ടു കടന്നു തച്ചമ്പാറ കൂടി ചുള്ളിപ്പാറെ എത്തി. പ്രദേശം വളരെ ഫലപുഷ്ടിയുള്ളതാകുന്നു. മണ്ണാർകാട്ടു നിന്നു തെങ്കര ആശ്രമത്തിലേക്കു രണ്ടു നാഴികയേ ഉള്ളു. കാടാപുരം ജോർജ്ജിന്റെ വകയായ ഉയരമേറിയ ചുള്ളിപ്പാറ കൊടുമുടി തല ഉയർത്തിനില്ക്കുന്നു. അതിന്റെ താഴെയാണു മാർ ഗീവറുഗീസ് സഹദായുടെ നാമത്തിൽ പള്ളി സ്ഥാപിച്ചതു്. തൽക്കാലകെട്ടിടം സാമാന്യം വലിയതാണു്. മലകളിൽകൂടി നാലും ആറും നാഴിക ദൂരെനിന്നു ആളുകൾ വരേണ്ടതുകൊണ്ടു ഒമ്പതര മണിക്കാണു കെട്ടിടത്തിന്റെ ശുദ്ധീകരണം കഴിഞ്ഞു കുർബാന ആരംഭിച്ചതു്. കുർബാനയ്ക്കു ശേഷം ശവക്കോട്ടയുടെ കൂദാശയും പാച്ചോറുനേർച്ചയും നടന്നു. മണർകാട്ട്, മൂവാറ്റുപുഴ, മണ്ണത്തൂർ, മുളക്കുളം മുതലായ സ്ഥലങ്ങളിൽനിന്നു വന്ന എന്റെ പഴയ പരിചയക്കാരെ കണ്ടു. ഒരാൾ പറകയാണു്, "മണ്ണുക്കുന്നേൽ പള്ളിയിലെ പുലയരുടെ മാമ്മോദീസാ ഞാനും കൂടി നടന്നല്ലേ അന്നു തിരുമേനി നടത്തിയതു്?" വാസ്തവമാണു്. കാൽശതാബ്ദത്തിനു മുമ്പു മിടുക്കുള്ള സ്ളീബാദാസന്മാരായ പി. പി. വർക്കിയുടെ പാട്ടും, പരേതൻ കൈതക്കുമ്പിൽ പൈലിയുടെ തമ്പേറടിയും, മൂക്കഞ്ചേരി കത്തനാരുടെ കൈത്താളവും ഉപദേശവും കൊണ്ടു മുളക്കുളം പുലയർ ഇളകുകയും പുത്തൂർ കുടുംബക്കാരുടെയും മറ്റും അഞ്ഞൂറു വേലക്കാർ മാമ്മോദീസാ മുഴുകുകയും ചെയ്തു ഭാഗ്യമേറിയ സ്മരണയാണു്. മാമോദീസാ കഴിഞ്ഞു ഭാര്യാഭർത്താക്കന്മാരെ ക്രിസ്തീയമായി യോജിപ്പിക്കുന്ന അവസരങ്ങളിൽ അവരുടെ സംഖ്യാധികം നിമിത്തം നാലു പട്ടക്കാർ പള്ളിയുടെ നാലു കോണുകളിൽനിന്നു കൈയുയർത്തി "ക്ലീലോബീദ" ചൊല്ലി കിരീടം വാഴ്ത്തി. "കർത്താവേ, നീ ഞങ്ങൾക്കു കൃപ ചൊരിയുന്നതു ഞങ്ങൾ അർഹിക്കുന്നതിൽ അധികമാണെ"ന്നു അക്കാലത്തു ഞാൻ കർത്താവിനെ വാഴ്ത്തി. ഇക്കാലത്തും സ്ളീബാദാസന്മാർ വെടിപ്പുള്ളവരും ഉത്സാഹികളും വിശ്വസ്തരുമാണെങ്കിൽ കൂട്ടംകൂട്ടമായുള്ള മാമോദീസായുടെ പഴയ ചരിത്രം ആവർത്തിക്കപ്പെടും.

മലബാറിൽ ഞാൻ സഞ്ചരിക്കുമ്പോൾ കക്ഷിവ്യത്യാസത്തിനു പ്രായേണ സ്ഥാനം കാണുന്നില്ല. പാത്രിയർക്കീസുപക്ഷക്കാരാണു കൈമുത്തുവാനും കുർബാന കാണുവാനും തള്ളിക്കയറുന്നതു (പൗലൂസ് മാർ പീലക്സീനോസ് മെത്രാച്ചൻ കോട്ടയം ദേവലോകം അരമനയിൽ ചെന്നു പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയെ കണ്ടു കൈമുത്തുകയും വിലയേറിയ ഒരു സ്വർണ്ണശിലക്കൂട്ടം സമ്മാനമായി വാങ്ങുകയും ചെയ്യുകയുണ്ടായല്ലൊ) ഈ സൗഹാർദ്ദത തടയുവാൻ പാത്രിയർക്കീസ് ബാവായുടെ ഭാഗത്തുള്ള അഞ്ചു മെത്രാന്മാരും കൂടി കല്പനകൾ അയച്ചാലും സാധിക്കയില്ല. ഇപ്പോഴത്തെ കാതോലിക്കാസ്ഥാപനം പത്തരമാറ്റുള്ള തങ്കമാണെന്നും ഇന്ത്യയിൽ നാനാഭാഗങ്ങളിലും നമ്മുടെ ജനങ്ങൾ ഏറെക്കുറെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ശീമക്കാരുടെ അധികാരം വർദ്ധിപ്പിക്കുവാൻ വേണ്ടി 'അങ്ങനെയല്ല ഇങ്ങനെയാണെന്നു പറഞ്ഞാൽ ആളുകൾ വിശ്വസിക്കുന്നകാലം പൊയ്പ്പോയി. ആകയാൽ ദൈവപുത്രന്മാരെപ്പോലെ സമാധാനം കാംക്ഷിച്ചു സമാധാനത്തിനു വഴിപ്പെടുന്നതാണു ശീമക്കാർക്കും നാട്ടുകാർക്കും ഒന്നുപോലെ ഉത്തമം. ഒരു മണിക്കൂർ നേര[illegible] വാശി കളഞ്ഞു സന്മനസ്സോടെ ഇരുക[illegible]ക്ഷികളും ആലോചിച്ചാൽ സമാധാന[illegible]മാകുവാൻ മാത്രമേ കാര്യമുള്ളു എന്നു [illegible]തിനു മുമ്പു ഇന്ത്യാ വൈസ്രോയി ഇ[illegible]വിൻ പ്രഭു പറഞ്ഞിട്ടുള്ളതാ[illegible]ല്ലോ.

—0—

rows; anything but that!

The discussers ought to be comfortable. Lights are to see by, not to look at. Have plenty of fresh air. Blackboard, chalk and eraser are necessary, too And don't forget to place a chair for yourself in the circle. You are going to be seated!

Time: in the usual Sunday schedule of youth groups you will have to give some attention to the clock. From the standpoint of just discussion, it would be fine if you were able to forget time and just stay with the subject in hand until you are through. But you will probably have a definite time to adjourn, which you must observe. That will present a problem. Good discussion cannot be hurried. Any admonition to think 'fast' is likely to result in no thinking at all. But if you will observe two rules, you can make maximum use of a fixed period, provided you have at least 45 minutes. First, ask the group to share your responsibility in holding the discussion strictly to the topic in hand. Second stop everything five minutes before the end and summarize. If no conclusion has been reached, recognize that fact and if possible, arrange for another session to finish discussing that subject.

4. You may not be responsible for publicity for the meeting, but you will have a more successful discussion if you have the proper build-up, so give it some attention. Discussions may have been 'tried' before. If they were well handled, you are 'all set' But if they have failed you need to create the expectancy that this one is going to be different. You are going to work over things that really matter, you are going to come to understandings and convictions that will make you better Christians. Give yourself every chance

(Youth News)

—0—

സിറിയൻക്രിസ്ത്യൻകോൺഗ്രിഗേഷൻ വാർഷികസമ്മേളനം

അംബരനാഥ്
18-12-53

സ്ഥലത്തും പരിസരങ്ങളിലുമുള്ള വിവിധ സഭാംഗങ്ങളായ മലയാളിക്രിസ്ത്യാനികൾ യോജിച്ചു നടത്തി വരുന്ന സിറിയൻക്രിസ്ത്യൻ കോൺഗ്രിഗേഷന്റെ 2-ാമത്തു വാർഷികസമ്മേളനം ഓർഡിനൻസ് ഫാക്ടറി ക്ലബ്ബ് ഹാളിൽ വച്ചു് വിത്സൺ കോളജ് പ്രൊഫസ്സർ ഡാ: ജെ. അലക്സാണ്ടർ M. A. P. H D. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു കൃത്യം 3-30നു് സമ്മേളനസ്ഥലത്തെത്തിയ അദ്ധ്യക്ഷനേയും പ്രാസംഗികന്മാരെയും ഭാരവാഹികൾ ഹാരമണിയിച്ചു സ്വീകരിച്ചു്; അദ്ധ്യക്ഷവേദയിലേക്കു നയിച്ചു. ബോംബെ, പൂനാ കല്യാൺ, എന്നീ ഇടവകകളിലെ ഓർത്തഡോക്സ് മാർത്തോമ്മാ സി. എം. എസ് സഭാവൈദികന്മാർക്കുള്ള ഇരിപ്പടങ്ങളും അദ്ധ്യക്ഷവേദയിൽ സജ്ജമാക്കിയിരുന്നു.

പ്രാർത്ഥനയും; സ്വാഗതപ്രസംഗവും കഴിഞ്ഞു് അദ്ധ്യക്ഷൻ ചെയ്ത ഉപക്രമപ്രസംഗത്തിൽ, പ്രൊഫ: കെ. സി ചാക്കോ ആദിയായ മഹാരഥന്മാരുടെ കീഴിലുള്ള ആലുവാ കോളേജിലെ അഭ്യസനവും, "യൂണിയൻ ക്രിസ്ത്യൻ" അന്തരീക്ഷത്തിലുള്ള അവിടത്തെ താമസവും തന്നിമിത്തം ലഭിച്ചിട്ടുള്ള സമുദായ സൗഹാർദ്ദമനോഭാവവുമാണു് ജാതിത്തിരകളെല്ലാം ഒഴിച്ചുവച്ചിട്ടു് പോലും ഇവിടത്തെ ഐക്യസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു എനിക്കു പ്രേരണ നൽകിയിട്ടുള്ളതെന്നും ഇവിടത്തെ യുവാക്കളുടെ ഈ സാരംഭം അനുകരണാർഹമാണെന്നും പ്രസ്താവിച്ചു.

ശ്രീ. തോമസ്മാണി i. o. s. (superintendent of M. P. F) ചെയ്ത പ്രസംഗത്തിൽ മലങ്കരയുള്ള മാതൃഇടവകകളിൽ കക്ഷിവ്യത്യാസവും, വ്യവ...രവും നിലവിലിരിക്കുമ്പോൾ തന്നെ വിവിധ സഭാംഗങ്ങൾ തമ്മിൽ എ...ന്നെ സഹകരിച്ചു പ്രവർത്തിക്കാമെ...ള്ളതിനു് അംബരനാഥ് സി. ക്രി. ...ണ്ഗ്രിഗേഷൻ ഒരു പ്രായോഗികമാ...യാണെന്നു സമർത്ഥിച്ചു.

...: ഫാദർ തോമസ് മുത്തേടത്തി... പ്രസംഗം ഇങ്ങനെ സംഗ്രഹി...

...റിയൻ ക്രിസ്ത്യൻ കോൺഗ്രി... ...ന്നിക്കു് ഏററം ഹൃദ്യമായ ഒരു നാമധേയമാണു അതു്. 1653-ലെ സുമാർ 300 വർഷങ്ങൾക്കു മുമ്പുണ്ടായ കൂനൻ കുരിശു സത്യവും പഴയകൂർ, പുത്തൻകൂർ, വേർതിരിവും വരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അറിയപ്പെട്ടിരുന്നതു് സിറിയൻ ക്രിസ്ത്യൻസ് എന്ന പേരിൽ മാത്രമാണു്. വിഭാഗ വ്യത്യാസം കൂടാതെ എല്ലാ കേരളക്രൈസ്തവരേയും ഉൾക്കൊള്ളുവാൻ തക്കവണ്ണം വ്യാപകമായ നമ്മുടെ തറവാട്ടു പേരുതന്നെയാണതു്. ഇവിടത്തെ നിങ്ങളുടെ സംഘടനയ്ക്കു" ആ തറവാട്ടുപേരു തന്നെ തെരഞ്ഞെടുത്തതിൽ നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു.

അംബരം ആകാശ സ്വർഗ്ഗങ്ങളുടെയും, അംബരനാഥൻ ഈശ്വരന്റെയും പര്യായ ശബ്ദമാണു്. "പിതാവേ നീയും ഞാനും ഒന്നായിരിക്കുന്നപ്രകാരം ഇവരും തമ്മിൽ ഒന്നായിത്തീരണമേ" എന്നഭിലഷിച്ച സാക്ഷാൽ അംബരനാഥനായ തമ്പുരാന്റെ അഭീഷ്ടസിദ്ധി ചുരുങ്ങിയ തോതിലെങ്കിലും പ്രായോഗികമാക്കുന്നതിനുള്ള എളിയ ശ്രമമായി നിങ്ങളുടെ ഈ സഭൈക്യ സാരംഭത്തെ ഞാൻ പരിഗണിക്കുന്നു. വി. മർക്കോസിന്റെ സുവിശേഷം 9. 38 ൽ യേശുക്രിസ്തുവും യോഹന്നാൻ ശ്ലീഹായും തമ്മിലുള്ള സംഭാഷണം സഭാപരമായ വിഷയങ്ങളിൽ അപ്രധാന വിഷയങ്ങൾക്കു് കൂടുതൽ പ്രാമാണ്യം കല്പിച്ചു് മൗലിക വിഷയങ്ങളെ അവഗണിച്ചു കളയുന്ന വ്യക്തികളുടേയും, സഭകളുടേയും, കണ്ണുകൾ തുറപ്പിക്കുന്നതിനു വക നൽകുന്നതാണു്. "ഗുരോ, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്ന ഒരുവനേ ഞങ്ങൾ കണ്ടു......... അവനെ വിരോധിച്ചു" എന്ന യോഹന്നാന്റെ പ്രസ്താവനയ്ക്കു് ക്രിസ്തു നൽകുന്ന മറുപടി "നിങ്ങൾ അവനെ വിരോധിക്കേണ്ടതില്ല, നമുക്കു വിരോധിയല്ലാത്തവൻ അനുകൂലിയാകുന്നു" എന്നത്രേ.

ഈ കോൺഗ്രിഗേഷൻ അംഗങ്ങളായ, ഓർത്തഡോക്സ്, മാർത്തോമ്മാ, സി. എം. എസ്, സഭാംഗങ്ങൾ വ്യക്തിപരമായും സഭകൾ മൊത്തത്തിലും പ്രസംഗിക്കുന്നതും, പ്രസംഗിക്കേണ്ടതും ക്രിസ്തുവിനെയാണു്. "നിങ്ങൾ പുറപ്പെട്ടു് സർവ്വജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ" എന്ന ക്രിസ്തുവിന്റെ അന്ത്യശാസനമായിരിക്കണം എല്ലാ ക്രൈസ്തവരുടെയും ലക്ഷ്യം. ആ ലക്ഷ്യത്തിലെത്തുന്നതിനു എല്ലാ സഭകളുടേയും വീക്ഷണ കേന്ദ്രം ക്രിസ്തു ആയെങ്കിലേ സാദ്ധ്യമാകയുള്ളു. സുവിശേഷമാകുന്ന ദൂരദർശിനിയിൽകൂടി നോക്കുമ്പോൾ മാത്രമേ ക്രിസ്തുവിനെ വ്യക്തമായി കാണുന്നതിനു് സാധിക്കയുള്ളു.

ഞാൻ ഈ പ്രസംഗ പീഠത്തിൽനിന്നുകൊണ്ടു കാണുന്നതിൽ കൂടുതൽ സ്ഥലവും കാഴ്ചകളും ഈ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ നിന്നുകൊണ്ടു് കാണാവുന്നതാണു്. ഉയർന്ന ഒരു ടൗവ്വറിന്റെ മുകളിൽ നിന്നുകൊണ്ടു് നോക്കുന്ന എനിക്കു് കുറേക്കൂടി അകലെയുള്ള കാഴ്ചകൾ കാണുവാൻ കഴിയും. ഉയന്നു പറക്കുന്ന ഒരു വിമാനത്തിൽ ഇരുന്നുകൊണ്ടു് നോക്കുന്ന എനിക്കു് അനേകം ചതുരശ്രമൈലുകൾക്കുള്ളിലുള്ള കാഴ്ച കാണാൻ കഴിയും. ഈ മൂന്നു സ്ഥാനങ്ങളിലും ഒരു ദൂരദർശിനിയുടെ സഹായം എനിക്കു ലഭിക്കുന്ന പക്ഷം എന്റെ കാഴ്ചയിൽപെടുന്ന സ്ഥലങ്ങളുടെ വ്യാപ്തിയും, സ്പഷ്ടതയും പതിന്മടങ്ങു് വർദ്ധിച്ചിരിക്കും. ഇന്ത്യയിലെ ജനസംഖ്യയുടെ 2°/o മാത്രം ദൃഷ്ടിപഥത്തിൽ കണ്ടുകൊണ്ടിരുന്ന നേതാക്കന്മാർ ദൃഷ്ടി ഉയർത്തി—കക്ഷി തിരിവുകളും വ്യവഹാരവും വർജ്ജിച്ചു് സ്വതന്ത്ര ഇന്ത്യയിലെ സ്വതന്ത്രക്രൈസ്തവരായി സുവിശേഷവും സേവനവുമാകുന്ന വിമാനത്തിൽ കയറി ക്രിസ്തുവാകുന്ന ലക്ഷ്യത്തിലേക്കു വ്യോമയാത്ര ചെയ്യേണ്ടിയിരിക്കുന്നു.

ഓർത്തഡോക്സ് സഭാസെക്രട്ടറിയായിരുന്ന ശ്രീ എം. പി. ജോസപ്പിന്റെയും ആംഗ്ലേയസഭയിലെ ഒരു നേതാവായ ശ്രീ എം. പി. മണിയുടെയും സമുദായസൗഹാർദ്ദാന്തരീക്ഷത്തിൽ ജനിച്ചു വളർന്നുവന്നിട്ടുള്ള ഇവിടത്തെ ഫാക്ടറിസൂപ്രണ്ട് മി. തോമസ് മാണിയുടെ നേതൃത്വത്തിൽ ഇങ്ങനെ ഒരു സംഘടന ഉടലെടുത്തു പുരോഗമിച്ചുകാണുന്നതു് ഇവിടം സന്ദർശിച്ചിട്ടുള്ള എല്ലാ ക്രൈസ്തവ മേലദ്ധ്യക്ഷന്മാരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭവിച്ചിട്ടുള്ളതായി എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഇന്നത്തെ ഈ സമ്മേളനത്തിൽ 5 സിറിയൻ ക്രിസ്ത്യൻ പട്ടക്കാർ സംബന്ധിക്കുവാൻ ഇടയായതുതന്നെ ഈ ഐക്യസംഘടനയോടു് അവർക്കുള്ള പ്രത്യേക താല്പര്യമല്ലാതെ മറെറാന്നുമല്ല. ഡിസംബർ 21-ാംനു-(കഴിഞ്ഞവർഷം) സെന്റതോമസ് ജൂബിലി പ്രമാണിച്ചു് പൂനായിൽ കത്തോലിക്കരുൾപ്പെടെ എല്ലാ ക്രൈസ്തവവിഭാഗങ്ങളും ഒരുമിച്ചു് ഒരു സമ്മേളനം നടത്തി. എല്ലാ വർഷവും ഇങ്ങനെ ഒരു അഖില ക്രൈസ്തവ സമ്മേളനം ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നു് ആത്മാർത്ഥമായി വാഞ്ചിച്ചിരുന്നു. ഈ മീററിംഗിൽ സംബന്ധിച്ചാ

ക്രിസ്തീയ സ്നേഹം എന്നാൽ എന്താണ്.

I

ഇംഗ്ലീഷ് ഭാഷയിൽ ഏററവും അധികം ദുരുപയോഗപ്പെടുത്തിയിട്ടുള്ള ഒരു വാക്കാണ് സ്നേഹം. സ്നേഹം എന്നവാക്കിനു് എന്തൊക്കെ വ്യാഖ്യാനമാണ് നൽകിയിട്ടുള്ളതെന്നറിയണമെങ്കിൽ ചില റേഡിയോ പ്രക്ഷേപണങ്ങൾ ശ്രദ്ധിക്കുകയും മാസികകളിൽ പ്രസിദ്ധപ്പെടുത്തുന്ന ചെറു കഥകളും നോവലുകളും വായിക്കുകയും ചെയ്താൽമതി. അതോടൊപ്പം അപ്പോസ്തലനായ പൗലോസ് കൊരിന്തിയിലെ സഭയ്ക്കെഴുതിയിട്ടുള്ള ഒന്നാം ലേഖനം പതിമൂന്നാം അദ്ധ്യായത്തിൽ സ്നേഹത്തെപ്പററി പ്രതിപാദിച്ചിട്ടുള്ളതും കൂടി മനസ്സിരുത്തി വായിക്കുന്നതു് പ്രയോജനകമായിരിക്കും. ക്രിസ്തീയ സ്നേഹം എന്നു പറഞ്ഞാൽ എന്തെന്നു് അപ്പോസ്തോലൻ ശരിക്കു വിശദമാക്കിയിട്ടുണ്ടു്. അതു ദീർഘമായി ക്ഷമിക്കുന്നു ക്രിസ്തീയസ്നേഹം ദയയും സഹതാപവുമാണ്. ക്രിസ്തീയ സ്നേഹം വ്യാപരിക്കുന്നിടത്തു് അസൂയയ്ക്കിടമില്ല. അതു തികച്ചും സ്വാർത്ഥരഹിതവുമാണ്. ക്രിസ്തീയ സ്നേഹം എപ്പോഴും അന്യരുടെ അഭിവൃദ്ധിയിൽ ആഹ്ലാദിക്കും. എല്ലാ മനുഷ്യരുടെയും നന്മയിൽ ആനന്ദിക്കുക എന്നുള്ളതു ദൈവസ്വഭാവം ഉൾക്കൊള്ളുന്നു. ക്രിസ്തീയ സ്നേഹത്തിൽ സ്നേഹംഎന്ന വാക്കു് സാധാരണ ദൈനംദിനജീവിതത്തിൽ വളരെറെ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതിനാൽ അപ്പോസ്തലൻ സ്നേഹത്തിനു നൽകിയിട്ടുള്ള നിർവചനം ആലോചനാമൃതവും ആദരണീയവുമെങ്കിലും ജീവിതത്തിൽ അതു പ്രായോഗികമാക്കുക അസ്സാദ്ധ്യമെന്നു സാധാരണ ഗതിയിൽ നാം കരുതിപ്പോരുന്നു. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ പരിതാപകരമായ പരാജയവും അവിടെയാണു് സ്ഥിതിചെയ്യുന്നതു്. ഏററം അഭികാമ്യമായൊരു ലക്ഷ്യം അപ്രാപ്യമാണെന്നുള്ള മുൻവിധി തന്നെ പലപ്പോഴും ആ ലക്ഷ്യപ്രാപ്തിക്കുള്ള പരിശ്രമത്തിൽനിന്നു നമ്മെ പിൻതിരിപ്പിക്കുന്നു. ക്രിസ്തുഭഗവാൻ നൽകിയിട്ടുള്ളതും മനുഷ്യനായിത്തന്നെ ജീവിച്ചു പ്രായോഗികമാക്കിയിട്ടുള്ളതുമായ ഉപദേശങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം കേവലംഅപ്രായോഗികമാണെന്നുപ്രത്യക്ഷമായോപരോക്ഷമായോ നാം സമ്മതിക്കുന്നെങ്കിൽ അതിന്റെ അർത്ഥം ക്രിസ്തുഭഗവാന്റെ അനുയായികൾ എന്നഭിമാനിക്കുന്ന നാം തന്നെ അവിടത്തെ മനുഷ്യാവതാരത്തെ നിഷേധിക്കുന്നു എന്നാണ്.

സ്നേഹം എന്നതു് ക്രിസ്തുഭഗവാനെ സംബന്ധിച്ചിടത്തോളം എന്തർത്ഥത്തിൽ പ്രയോഗികമായി സ്വജീവിതത്തിൽ അനുഭവപ്പെട്ടു എന്നു ചിന്തിക്കുക. സ്നേഹം എന്ന വാക്കിനെ ഏതെങ്കിലും ഒരു നിർവചനത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി നിറുത്തുവാൻ ക്രിസ്തുഭഗവാൻ തയ്യാറായില്ല. നേരെമറിച്ചു് ഏററം അനുകരണീയമാം വിധം വാക്കിലും പ്രവർത്തിയിലും തന്റെ ജീവിതകാലമത്രയും അതു പ്രയോഗികമാക്കിക്കാണിക്കുകതന്നെ ചെയ്തു. കാൽവറിക്കുരിശിൽ നാം കാണുന്ന ആ പരമയാഗം അതിനു മകുടം ചാർത്തിയ മാതൃകയായി പരിലസിക്കുന്നു. സ്നേഹത്തിനു അതിനുപരിയായി എന്തു് നിർവചനമാണുള്ളതു്. സ്നേഹം എന്നവാക്കു ഒരു നിർവചനം നൽകുവാൻ ശ്രമിച്ചില്ലെങ്കിലും അതു വിശദീകരിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ പ്രായോഗികവുംശ്രദ്ധാർഹവുമത്രെ. സ്നേഹംഎന്നവാക്കിനു് ഗ്രീക്കു ഭാഷയിൽ സാമാന്യമായി കൊടുത്തിരുന്ന വ്യാഖ്യാനമല്ലാ ക്രിസ്തുഭഗവാൻ സ്വീകരിച്ചതു്. സ്നേഹം എന്ന നാമപദത്തോടു ചില ക്രീയപദങ്ങളുംകൂടി കൂട്ടിച്ചേർത്തൊരു നിർവചനം സൃഷ്ടിക്കുകയാണു ചെയ്തതു്. "നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുക." "നിങ്ങളെ ദ്രോഹിക്കുന്നവർക്കു നന്മചെയ്യുക." എന്നിത്യാദി നിർവചനങ്ങളാണു് സ്നേഹം എന്ന വാക്കിനു് ക്രിസ്തുഭഗവാൻ നൽകിയിട്ടുള്ളതു്. നമുക്കതു ദുർഗ്രാഹ്യമായിത്തോന്നുന്നുണ്ടാവാം. സ്നേഹം എന്നവാക്കിനു് നാം സാധാരണ പ്രായോഗിക ജീവിതത്തിൽ നൽകുന്ന അർത്ഥം ആ വാക്കിനു് ക്രിസ്തുഭഗവാൻ നൽകിയിട്ടുള്ള വിശദീകരണത്തിൽനിന്നു എത്രയോ വിദൂരമാണെന്നു ചിന്തിക്കുക. നമ്മെ സ്നേഹിക്കുന്നവരെ നാം സ്നേഹിക്കുന്നുണ്ടാവാം. പക്ഷെ, നമ്മെ ദ്രോഹിക്കുന്നവരെ സ്നേഹിക്കുക നമ്മാൽ സാധ്യമാണോ? നമുക്കെന്തെങ്കിലും പ്രത്യേക ബന്ധമോ കടപ്പാടോഉള്ള ഒരാളുടെ നേരെയുള്ള മൃദുലവികാരത്തിനു് നാം സ്നേഹം എന്നു പറയുന്നു. നാം സ്നേഹിക്കുന്ന വ്യക്തികൾ നമ്മുടെതന്നെ ഒരു ഭാഗ്യമായിക്കരുതപ്പെടുന്നു. മറെറാരുവിധത്തിൽ പറഞ്ഞാൽ നമുക്കു പ്രയോജനപ്പെടുന്നവരെ നാം സ്നേഹിക്കുന്നു. അതു സ്വയം സ്നേഹമേ ആവുകയുള്ളു. നമ്മോടോ നമ്മുടെ സ്വന്തതല്പത്തോടോഉള്ള സ്നേഹംമാത്രം. ആ സ്നേഹത്തിന്റെ ഉർവിടം സ്വാർത്ഥതയാണ്.

ഉടമസ്ഥാവകാശത്തിന്റെ പേരിലുള്ളതാണു് നമ്മുടെ മറെറാരു സ്നേഹം. നമ്മുടെ ആഗ്രഹം ഒരു വസ്തുവിനെയോ വ്യക്തിയെയോ കേന്ദ്രീകരി

നിടവന്നതു നിമിത്തം എന്റെ വാഞ്ഛ സഫലീഭവിക്കാൻ ഇടയുണ്ടെന്നു് എനിക്കു് തോന്നിപ്പോകുന്നു.

സമ്മേളനാനന്തരം വിഭവസമൃദ്ധമായ ചായസൽക്കാരവുമുണ്ടായിരുന്നു.

ക്രൈസ്തവലോകവാർത്തകൾ

(കെ. വി. എം.)

നിരോധനം നീക്കി.

ക്രൈസ്തവ ദേവാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ കുറെ നാളുകളായി ഈജിപ്ത് ഗവൺമെൻറു നിരസിച്ചു വരികയായിരുന്നു. എന്നാൽ പ്രൊവിൻസുകളിലെ ടൗണുകളിലും മറ്റും ദേവാലയങ്ങൾ സ്ഥാപിക്കുന്നതിന് വിവിധ ക്രൈസ്തവസഭാ വിഭാഗങ്ങൾക്കും, യഹൂദന്മാർക്കും ആഭ്യന്തര മന്ത്രി അനുവാദം നൽകിയിരിക്കുന്നു. അനുവാദം ലഭിച്ചതോടുകൂടി അവിടത്തെ കോപ്റ്റിക് ഓർത്തഡോക്സ് സഭ പള്ളിപണിയിൽ വ്യാപൃതരായിരിക്കുന്നു.

പ്രാർത്ഥിച്ചാരംഭിച്ചു.

ഫിജിക്രൗൺ കോളനിയിലെ നിയമസഭയുടെ 37-ാം സമ്മേളനം പ്രാർത്ഥനയോടുകൂടി സമാരംഭിച്ചു. ഫിജിയുടെ ചരിത്രത്തിൽ ഇങ്ങനെ പ്രാർത്ഥിക്കുന്നതു് ആദ്യമാണ്. ദൈവികമായ നടത്തിപ്പ് ആവശ്യമാണെന്നാണ് സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് ഗവർണർ മി. റൊണാൾഡ് ഗാർവേ പ്രസ്താവിച്ചതു്.

ക്രിസ്തീയ ചൈതന്യം.

ആധുനിക ലോകത്തിലെ ക്രൈസ്തവർ കുറെക്കൂടി ഊർജ്ജസ്വലതയും, സൽജീവിതവുമുള്ളവരായിരിക്കണമെന്നാണ് മോസ്കോയിൽ വളരെ നാളുകൾ സൈനികസേവനം അനുഷ്ഠിച്ച മേജർ ജനറൽ റിച്ചാർഡ് ഹിൽട്ടൻ പ്രസ്താവിച്ചിരിക്കുന്നതു്. കമ്മ്യൂണിസത്തിന്റെ വേലിയേറ്റത്തെ തടയണമെങ്കിൽ ക്രിസ്തീയകോട്ടയ്ക്കു ഉറപ്പ് ഇനിയും കൂട്ടേണ്ടിയിരിക്കുന്നത്രെ.

തികയുന്നില്ല.

ഹെൽസിങ്കി സർവകലാശാലയിൽ 50 പുതിയ വൈദികവിദ്യാർത്ഥികൾ ചേർന്നിരിക്കുന്നു. യുദ്ധാനന്തരമുണ്ടായ പട്ടക്കാരുടെ കുറവ് ഇതുകൊണ്ടും പരിഹരിക്കുക സാധ്യമല്ല.

ലയായിൽ.

52 മാർച്ചിനു ശേഷം മലയായിലെ ക്രിസ്ത്യൻ കൗൺസിലിന്റെ അഭിമുഖത്തിൽ അവിടെയുള്ള സഭകൾ ഒരു വില്ലേജ് കോ-ഓർഡിനേറ്റിംഗ് കമ്മിറ്റി രൂപവൽക്കരിച്ചിരിക്കുന്നു.

ഇതിൽ മെതോഡിസ്റ്റ്, ആംഗ്ലിക്കൻ, പ്രിസ്ബിറ്റേറിയൻ വിദേശ മിഷ്യനുകൾ എന്നിവ ഉൾക്കൊള്ളുന്നുണ്ടു്. ഇപ്പോൾ 100 സുവിശേഷപ്രവർത്തകർ ഗ്രാമങ്ങളിൽ താമസിച്ചു ജോലിചെയ്യുന്നു. ഇതിനുപുറമേ മുഴുവൻ സമയവും ജോലിചെയ്യാത്ത 150 പ്രവർത്തകരുമുണ്ടു്. ഇവർ ഇപ്പോൾ ഏതാണ്ടു 100 ഗ്രാമങ്ങളുമായി ബന്ധം പുലർത്തുന്നു. കഴിഞ്ഞ ആഗസ്റ്റുമാസത്തിൽ പ്രവർത്തകർക്കുവേണ്ടി കുലാലംപൂരിൽ വച്ചു ഒരു റിഫ്റഷൻ കോഴ്സു നടത്തുകയുണ്ടായി. അതിനു ശേഷം അനേകം യുവജന ക്യാമ്പുകൾ ഏർപ്പാടുകൾ ചെയ്തു.

ഡോക്ടർ സ്റ്റാൻലി ജോൺസ

ഡോ. സ്റ്റാൻലി ജോൺസ് ജനുവരി 23-ാംനു ഡൽഹിയിൽ എത്തുന്നതാണ്. ഫെബ്രുവരി 14 മുതൽ 21 വരെ നടക്കുന്ന മാരാമൺകൺവൻഷനിൽ അദ്ദേഹം പ്രസംഗിക്കും. അദ്ദേഹം ഫെബ്രുവരി 22-ാംനു കുറുപ്പുംപടിയിലും, 23മുതൽ 26വരെ ആലുവായിലും പ്രസംഗങ്ങൾ നടത്തുന്നതാണ്.

പാകിസ്ഥാനിലെ ക്രിസ്ത്യാനികൾ

ഒരു മുസ്ലിം രാജ്യമായ പാക്കിസ്ഥാനിൽ ആകെ 506510 ക്രിസ്ത്യാനികൾ ഇപ്പോൾ നിവസിക്കുന്നു. (പടിഞ്ഞാറെ പാകിസ്ഥാനിൽ 400000 കിഴക്കെ പാകിസ്ഥാനിൽ 106510) ഭവനവും വസ്ത്രവും ഇല്ലാതെ അലയുന്ന അനേകായിരം മുസ്ലീങ്ങൾ ഇന്നു പാകിസ്ഥാനിലുണ്ടു്. അവിടത്തെ ഒരു സാധാരണ ക്രൈസ്തവന്റെ നില അതിലും മോശമാണ്. സംഗതികളുടെ ഗൗരവംമനസ്സിലാക്കി ഗവർമ്മെൻറും പാശ്ചാത്യ ക്രൈസ്തവ ഏജൻസികളും ഗ്രാമീണപുനരുദ്ധാരണത്തിനും കുടിൽ വ്യവസായങ്ങൾക്കും വിദ്യാഭ്യാസത്തിനും ജലസേചന പദ്ധതികൾക്കും പരിഷ്കൃത കൃഷിസമ്പ്രദായത്തിനും കൂടുതൽ ശ്രദ്ധ കൊടുത്തുകൊണ്ടിരിക്കുന്നു. ക്രൈസ്തവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനു പ്രൊട്ടസ്റ്റൻറുകാരും കത്തോലിക്കരും ഏകോപിച്ചാണു ഗവർമ്മെൻറിൽനിവേദനം സമർപ്പിക്കുന്നതു്. ചില പാഠപുസ്തകങ്ങളിലെ പ്രസ്താവനകൾ ക്രൈസ്തവർക്കു സ്വീകാര്യമല്ലാത്തവയാണ്. ക്രൈസ്തവ സ്കൂളുകളുടെ മാനേജ്മെൻറിലും ചില കൈകടത്തലുകൾ ഗവർമ്മെൻറു നടത്തിവരുന്നു. വെസ്റ്റുപാകിസ്ഥാനിൽ ക്രൈസ്തവഐക്യത്തിന്റെ അലകൾ അടിച്ചു തുടങ്ങിയിരിക്കുന്നു. ഒരു വൈദിക കോളജ് സ്ഥാപനത്തിൽ എല്ലാ സഭകളും യോജിച്ചിരിക്കുന്നതു ഐക്യത്തിലേക്കുള്ള ഒരു കാൽവയ്പാണ്.

പാകിസ്ഥാന്റെ അടുത്ത ബന്ധം ഇതര മുസ്ലിം രാജ്യങ്ങളോടാകയാൽ പാകിസ്ഥാനിലെ ക്രൈസ്തവസഭകൾ ഇതര മുസ്ലീം രാജ്യങ്ങളിലെ ക്രൈസ്തവസഭകളുമായി യോജിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ടു്.

വിശാലതയുടെഫലം

ഹാനോവറിലെ എല്ലാ പള്ളികളിലും ചില പ്രത്യേക വ്യവസ്ഥകൾക്കു വിധേയമായി ലൂഥറൻ സഭയുംറോമൻകത്തോലിക്ക സഭയും ആരാധന നടത്തത്തക്കവണ്ണം അവർ തമ്മിൽ ഒരുടമ്പടി ചെയ്തിരിക്കുന്നു.

ിരിക്കുമ്പോൾ, ആ വസ്തുവോ ആളോ
ുടെ സ്വായത്തമാക്കുവാനുള്ള ആഗ്ര
ത്തിൽ നിന്നുടലെടുക്കുന്ന സ്നേഹം,
സ്നേഹം നാം അറിയാതെതന്നെ
ിൽ സ്വാർത്ഥതയുടെ പേരിൽ ഒരുത
ാവേശം കൊള്ളിക്കുന്നു. അതു
സമൂഹത്തിൽനിന്ന് വളരെ വി

(തുടരും)

വാര പഞ്ചാംഗം

ജനുവരി മകരം

ഞായർ	17	4
തിങ്കൾ	18	5
ചൊവ്വാ	19	6
ബുധൻ	20	7
വ്യാഴം	21	8
വെള്ളി	22	9
ശനി	23	10

Thought for the Week

The Eucharist is not first and foremost a meal of fellowship. No doubt it was instituted in the midst of a meal of fellowship, but in itself it is something more and other than that.

Archbishop Temple.

THE CHURCH WEEKLY

സഭാസമാധാനവും തെരഞ്ഞെടുപ്പും.

തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ നിയമസഭാ തെരഞ്ഞെടുപ്പു ആസന്നമായിരിക്കയാണ്. ഫെബ്രുവരിമാസം പതിനഞ്ചാം തീയതിയോടുകൂടി തിരു കൊച്ചിയിൽ ആരാണ് ഭരിക്കേണ്ടതെന്ന് ഇവിടത്തെ ജനങ്ങൾ വിധിയെഴുതി തുടങ്ങും. മലങ്കരസുറിയാനിസഭ പാത്രിയർക്കീസു കക്ഷിയെന്നും കാതോലിക്കാ കക്ഷിയെന്നും വിഭജിക്കപ്പെട്ട് തമ്മിൽ തല്ലാനുള്ള അവസരങ്ങളെല്ലാം ശരിക്കു വിനിയോഗിക്കുന്നുണ്ട്. അതിലൊന്നാണ് നിയമസഭാ തെരഞ്ഞെടുപ്പ്. നിയമസഭാ തെരഞ്ഞെടുപ്പിൽ പരിഗണനീയങ്ങളായ പല അടിസ്ഥാനപ്രശ്നങ്ങൾ ഉണ്ട്. അവയെ വിവേകപൂർവം അപഗ്രഥനം ചെയ്തു തീരുമാനങ്ങൾ എടുക്കാനുള്ള പ്രാപ്തി വോട്ടറന്മാരിൽ പ്രദർശിപ്പിക്കുന്നവരുടെ സംഖ്യ ഇന്നു കേവലം ന്യൂനപക്ഷമായി സ്ഥിതിചെയ്യുന്നു. ക്ഷണഭംഗുരങ്ങളും അപ്രധാനങ്ങളുമായ ചില വാദങ്ങളെ ഉന്നയിച്ച് സാമാന്യജനങ്ങളുടെ ഇടയിൽ ആവേശംകൊള്ളിച്ച് വഴിതെറ്റിച്ചുനടക്കുന്ന ഒരുപണി പല സ്ഥാനാർത്ഥികളും കൈക്കൊള്ളുന്ന ഒരു രാജ്യതന്ത്രജ്ഞതയാണ്. ആ കുടുക്കിൽ പെടാതെ മാറിനിൽക്കുവാനുള്ള കഴിവ് എത്ര വോട്ടർമാർക്കുണ്ട്? പ്രായപൂർത്തി വോട്ടവകാശത്തെ ന്യായീകരിക്കുന്ന പല ആദർശങ്ങളുമുണ്ട്. എന്നാൽ ആ മൗലികാവകാശത്തിന് അടിസ്ഥാനപരമായ വിദ്യാഭ്യാസവും, വിവേകബുദ്ധിയും ആ പദവിയെ ശരിയായ പാന്ഥാവിൽ വിനിയോഗിക്കുന്നതിന് ഓരോ വോട്ടർക്കും പ്രാപ്തിനൽകേണ്ടതാണ്. ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തിയോടുകൂടി സകലർക്കുംവിവേകം ഉദിച്ചുവെന്നോ, വിദ്യാഭ്യാസം ലഭിച്ചുവെന്നോ, ആരും ധരിക്കയില്ല. എന്നാൽ ഈ വോട്ടവകാശദാനത്തിൽ കൂടെ ഒരു വലിയ വിദ്യാഭ്യാസ പ്രവർത്തനം നടക്കണമെന്നുള്ള ആഗ്രഹവും പ്രതീക്ഷയും മഹാത്മാഗാന്ധി മുതലായ ഭരണഘടനാശില്പികളെ ഇങ്ങനെയൊരു തീരുമാനത്തിനു പ്രേരിപ്പിച്ചിരുന്നു. എന്നാൽ അതിൻെറ പ്രായോഗികപരീക്ഷണത്തിൽ ഏതെല്ലാം ശിഥിലീകരണസംരംഭങ്ങളാണ് ഉടലെടുത്തു രംഗപ്രവേശം ചെയ്യുന്നതെന്നു നാം വിവേകപൂർവ്വം ധരിച്ചില്ലെങ്കിൽ നാം വരുത്തിവയ്ക്കുന്ന അനർത്ഥങ്ങൾ അനവധിയാണ്.

മലങ്കരസുറിയാനി സഭാംഗങ്ങളുടെ സംഖ്യയും, നിലയും ആലോചിച്ചാൽ രാഷ്ട്രീയരംഗങ്ങൾ പോലെയുള്ള പൊതുക്കാര്യരംഗങ്ങളിൽ ഇപ്പോൾ അവർക്കുള്ള നേതൃത്വത്തിൽ കൂടുതൽ നിശ്ചയമായും അവർക്കുണ്ടായിരിക്കേണ്ടതാണ്. കഷ്ടിച്ചു നാലോ അഞ്ചോ പേർക്കു സ്ഥാനാർത്ഥിലിസ്റ്റിൽ പേരു ലഭിച്ചിട്ടുണ്ട്. ഓർത്തഡോക്സ് എന്നും യാക്കോബായ എന്നും തിരിഞ്ഞു നമ്മുടെവാശി വൈരാഗ്യങ്ങൾപ്രകടിപ്പിക്കാനുള്ള ദുർവാസനയാണ്ഈസന്ദർഭത്തിൽനമ്മെ ഭരിക്കാൻ നാം അനുവദിക്കുന്നതെങ്കിൽ ഈ നാലഞ്ചുപേരുടെവിജയംതന്നെ അപകടത്തിലായിരിക്കും. കുടുംബ വൈരാഗ്യങ്ങളാണ് പലപ്പോഴും കക്ഷിവഴക്കുകൾക്ക് ഓരോ ഇടവകയിൽ സ്ഥാനം ലഭിക്കുന്നതിന് അധികവും സഹായിച്ചിട്ടുള്ളതു്. എന്തു് മാർഗ്ഗങ്ങൾ സ്വീകരിച്ചെങ്കിലും പ്രതിയോഗിയെ ഒന്നു മട്ടുപ്പിച്ച് കാണുന്നതു് പലർക്കും ആഹ്ളാദജനകമായ ഒരു അനുഭവമാണെന്നാണ് നമ്മുടെ വിചാരം. നമ്മൾ തന്നെ ആ പരിപാടിയിൽ നശിക്കുന്നതു് അപ്പോഴും പിന്നെയും കണ്ടുപഠിക്കാനുള്ള 'കഴിവു് അരശതാബ്ദക്കാലം സമുദായകേസു നടത്തി കഴിഞ്ഞവർക്ക് ഇതുവരെ ലഭിച്ചിട്ടില്ല. ഗൗരവയുക്തമായ ഒരു നിർണ്ണായകഘട്ടമാണ് രാഷ്ട്രീയമായി നാം അഭിമുഖീകരിക്കുന്നതു്. ഈശ്വര ദത്തമായ സകല ധാർമ്മിക മൂല്യങ്ങളെയും വെല്ലുവിളിക്കുന്ന ഒരു കക്ഷി അധികാര പ്രാപ്തിക്കു വേണ്ടി അക്ഷീണയത്നം ചെയ്യുന്നു. ഏതുമാർഗ്ഗവും അവർക്ക് നിഷിദ്ധമല്ല. പരിപാവനമായ ഒരു സന്യാസാശ്രമത്തെ സാത്താൻ നശിപ്പിച്ച ഒരു കഥ കേട്ടിട്ടുണ്ട്. ആ ആശ്രമത്തിലെ അംഗങ്ങളുടെ പ്രാർത്ഥനയും, ഉപവാസവും, നിഷ്ഠകളും പിശാചുക്കളുടെ സമൂഹത്തെ വളരെയധികം പരിഭ്രമിപ്പിച്ചുവത്രേ. അവരുടെ സംഘത്തിലെ സമർത്ഥന്മാരുടെ പണിയെല്ലാം എടുത്തിട്ടും ഈ സന്യാസാശ്രമാംഗങ്ങളെ വഴി തെറ്റിക്കാൻ കഴിയാതെ അവർ പരാജയം സമ്മതിച്ചു സാത്താൻ സേനയുടെ പരമാധിപൻെറ അടുക്കൽ എത്തി. അധിപൻ തന്നെയവസാനം ഒരുങ്ങിറങ്ങി. ഒരു റമ്പാൻെറ വേഷവും എടുത്തു ആശ്രമത്തിലെ റമ്പാന്മാരുടെ കൂട്ടത്തിൽ എത്തിച്ചേർന്നു. അവിടെ അംഗമായി ചേർന്നു. നാല്പതു കുമ്പിടേണ്ടയവസരങ്ങളിൽ എൺപതു കുമ്പിടീൽ പുതിയ റമ്പാൻ നടത്തും. ഉച്ചവരെ ഉപവസിക്കേണ്ട ദിവസങ്ങളിൽ അയാൾ ദിവസം മുഴുവനും ആഹാരമൊന്നും കഴിക്കയില്ല. ഇങ്ങനെ കർമ്മാനുഷ്ഠാനങ്ങളിലും സേവന പരിപാടികളിലും പ്രദർശിപ്പിച്ച തീക്ഷ്ണത മറ്റെല്ലാ അംഗങ്ങളെയും അത്ഭുതപ്പെടുത്തി. ക്രമേണ സമൂഹത്തിൻെറ അധിപനായിത്തീർന്നുവെന്നും പിന്നീടു ക്രമേണ കൗശലം കൊണ്ടു ഓരോ അംഗങ്ങളുടെയും ബലഹീനവശങ്ങൾ കണ്ടുപിടിച്ചു വഴി തെറ്റിച്ചു ആ ആശ്രമം ശ്മശാനതുല്യമാക്കിത്തീർത്തുവെന്നുമാണു കഥ. സുറിയാനിഭാഷാപുരാണങ്ങളിൽ "കുഴതയറമ്പാൻ" എന്നു പ്രസിദ്ധനായ ഈ റമ്പാൻെറ മാതിരിയാണു പുതിയ രാഷ്ട്രീയപ്രസ്ഥാനക്കാരുടെ അടവുകൾ. സഭാസമാധാനത്തിനു വേണ്ടി ഒരു യുവജനപ്രസ്ഥാനം പണ്ടു തിരുവനന്തപുരത്തു വച്ചു സമാരംഭിച്ച കാര്യം പലരുടെയും സ്മൃതിപഥത്തിൽ നിന്നു മാഞ്ഞുകാണുകയില്ല. അന്നു പ്രസിദ്ധ കമ്മ്യൂണിസ്റ്റ് പ്രവർത്തകനായ ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാടു തിരുവനന്തപുര[illegible]ത്തി ഈ യുവാക്കളുടെ ഇടയിൽ സമ്പ[illegible]ക്കം പാലിച്ചുവെന്നും, വിദഗ്ദ്ധമാ[illegible] രീതിയിൽ സഭാകാര്യങ്ങൾ ചർ[illegible] ചെയ്തുവെന്നും അന്നു് ഈ പ്രസ്ഥ[illegible]ത്തിൽ സജീവപങ്കെടുത്തിരുന്ന ഒ[illegible] വാവിൽനിന്നു് അറിയുവാനിടയ[illegible]ണ്ടു്. ഈ തെരഞ്ഞെടുപ്പു മത്സ[illegible]ൽ വലിയ കാതോലിക്കാകക്ഷ[illegible] പക്ഷമുള്ളിടത്തു കാതോലി[illegible]യായി വൈരാഗ്യം പറഞ്ഞ[illegible]

പ്രതിവാരപ്രഭാഷണം (The Sermon for the Week)

ആത്മീയഭവനത്തിലെ മാളികമുറി.

(എം. ററി.)

"ഞാൻ എന്റെ ശിഷ്യന്മാരുമായി പെസഹ കഴിപ്പാനുള്ള ശാല എവിടെ എന്നു ഗുരു ചോദിക്കുന്നു." (വി. മർക്കോസ് 14: 14)

ദൈവപുത്രനായ യേശുവിനു ജനിക്കുവാൻ വഴിയമ്പലത്തിൽ സ്ഥലമില്ലാതെവന്നതിനാൽ പുറത്തുള്ള പശുത്തൊഴുത്തിന്റെ പുൽക്കൂട്ടിനെ അഭയം പ്രാപിക്കേണ്ടിവന്നു. പരസ്യശുശ്രൂഷക്കായി നസറേത്തിലെ പിതൃഭവനം വിട്ടിറങ്ങിയതിനുശേഷവും തനിക്കു സ്വന്തമായ വാസസ്ഥലമൊന്നുമുണ്ടായിരുന്നില്ല. "മനുഷ്യപുത്രനു തലചായിക്കാൻ സ്ഥലമില്ലെന്നു" താൻ ഒരിക്കൽ പറയുകയുണ്ടായി. തന്റെ മരണ ശയ്യ കുരിശുമരവും ശവക്കല്ലറ ഒരു മാന്യ സുഹൃത്തിന്റെ വകയുമായിരുന്നു. കർത്താവിന്റെ ഇഹലോക ജീവിതത്തിലെ ഈ ഭവനരഹിതാവസ്ഥ മനുഷ്യ ഹൃദയത്തിലുള്ള തന്റെ ആ വാസത്തിന്റെ ഒരു പ്രതിച്ഛായയാണ്. മനുഷ്യ ഹൃദയത്തിലേക്കു പ്രവേശിക്കുന്ന ക്രിസ്തു വിരിച്ചൊരുക്കിയ ഒരു വിരുന്നുശാല കണ്ടെത്തുക ചുരുക്കമാണ്. പലപ്പോഴും ഹൃദയാന്തർഭാഗത്തു സ്ഥലമില്ലാതെ അതിന്റെ പരിസരങ്ങളിൽ ചുറ്റിപ്പററി നിൽക്കേണ്ട ആവശ്യം തനിക്കു നേരിടുന്നു. മൃഗങ്ങൾക്കു മാത്രം വാസയോഗ്യമായ സ്ഥലത്തു ഭൂജാതം ചെയ്തുപോലെതന്നെ, മൃഗീയമായ വികാരങ്ങളാൽ നിറഞ്ഞ ഹൃദയങ്ങളിൽ കർത്താവു പ്രവേശിക്കുന്നു. തന്റെ രക്ഷാകരമായ വ്യാപാരത്താൽ താൻ അവയെ ക്രമേണ രൂപാന്തരപ്പെടുത്തുന്നു.

നമ്മുടെ കർത്താവിന്റെ ഇഹലോക ജീവിതകാലത്തു് തന്റെ സ്നേഹിതന്മാരും ശിഷ്യന്മാരും തന്നെ സ്വീകരിക്കുന്നതിനായി അവരുടെ ഹൃദയങ്ങളിൽ തയ്യാറാക്കിയിട്ടിരുന്ന വിരുന്നുശാലകൾക്കായി താൻ കാംക്ഷിച്ചിരുന്നു. ഏതുനിലയിലുള്ളവരുടെയും ആതിഥ്യം സ്വീകരിക്കുവാൻ താൻ സന്നദ്ധനായിരുന്നു. അതുകൊണ്ടു് ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന പരിഹാസപ്പേരിനു് താൻ അർഹനായി. എന്നാൽ കർത്താവു് ആ പേരിൽ അഭിമാനം കൊള്ളുകയാണു് ചെയ്തതു്. അവസാനനാളിൽ ശിഷ്യന്മാരോടുകൂടി പെസഹാ ഘോഷിക്കുവാൻ ഒരുക്കങ്ങൾ ചെയ്തപ്പോൾ അവർ ചോദിക്കുവാൻ നിർദ്ദേശിക്കപ്പെട്ട ചോദ്യം "ഞാൻ എന്റെ ശിഷ്യന്മാരുമായി പെസഹാ കഴിപ്പാനുള്ള ശാല എവിടെ?" എന്നുള്ളതായിരുന്നു. ഇന്നു നാമോരോരുത്തരോടും കർത്താവു ചോദിക്കുന്ന ഒരു ചോദ്യമാണിതു്. നമ്മുടെ ആത്മാവിന്റെ നാഥനായ കർത്താവിനായി വിരിച്ചൊരുക്കിയ ഒരു വിരുന്നുശാല നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിലുണ്ടോ? നമ്മുടെ ജീവിതത്തിൽ കർത്താവിനു നാം പ്രഥമസ്ഥാനം നൽകിയിട്ടുണ്ടോ? മററു യാത്രക്കാർക്കു മാത്രം സ്ഥലമുള്ളതും നമ്മുടെ കർത്താവിനു സ്ഥലമില്ലാത്തതുമായ ഒരു വഴിയമ്പലമാണോ നമ്മുടെ ഹൃദയം?

നമ്മുടെ ഹൃദയമാകുന്ന വിരുന്നുശാലയിൽ വസിക്കുവാൻ കർത്താവു് ഇഷ്ടപ്പെടുന്നു. അതിന്റെ ശാന്തതയിൽ വിശ്രമിക്കുവാനും പിതാവു നൽകുന്ന ആത്മീയ ഭക്ഷണത്തിൽ നമ്മോടുകൂടി പങ്കുകൊള്ളുവാനും താൻ വാഞ്ഛിക്കുന്നു. ഹൃദയത്തിന്റെ ഈ വിരുന്നുശാല എവിടെയാണു്? അതു ഒരു മാളികമുറി Upper room ആകുന്നു. അതായതു്, വീട്ടിന്റെ അടിത്തട്ടിൽ നടക്കുന്ന വ്യാപാരങ്ങളിൽ നിന്നും തെരുവിലെ ശബ്ദകോലാഹലങ്ങളിൽ നിന്നും അല്പമെങ്കിലും അകന്ന ഒരു സ്ഥലം. മിക്കവരുടേയും ജീവിതമാകുന്ന ഭവനത്തിനു് ഒരു നില മാത്രമേയുള്ളു. മുറികളെല്ലാം അടിത്തട്ടിലാണു്. തെരുവീഥിയും ചന്തസ്ഥലവും എല്ലാം അതിന്റെ നിരപ്പിലാണു്. എല്ലാ മുറിയും ഭൗമികമായ സാധനസാമഗ്രികൾ കൊണ്ടുനിറഞ്ഞിരിക്കുന്നു. ധനം വർദ്ധിക്കുന്നതനുസരിച്ചു കൂടുതൽ മുറികൾ കൂട്ടിച്ചേർത്തു ഭവനം വലുതാക്കപ്പെടുന്നു. എന്നാൽ കെട്ടിടം എപ്പോഴും ഒററ നില കെട്ടിടമായിത്തന്നെ സ്ഥിതിചെയ്യുന്നു. എല്ലാ മുറികളും മിക്കവാറും നിലനിരപ്പിൽത്തന്നെയാണു്. എന്നാൽ കർത്താവിനായിട്ടുള്ള ഒരു മാളികമുറി പണിയുന്നവർ ചുരുക്കമാണു്. അടിത്തട്ടിലെ വായു ശ്വസിച്ചുകൊണ്ടു്, അതിൽ തൃപ്തിയടഞ്ഞു് പലരും കാലം കഴിക്കുന്നു. മാളികമുറിയിലെ സ്വർഗ്ഗീയവായു കർത്താവിനോടുകൂടി ആസ്വദിക്കുവാനുള്ള അവസരം അവർക്കു ലഭിക്കുന്നില്ല. പുറത്തു കാത്തു നിൽക്കുന്ന ദിവ്യ അതിഥിയുടെ സാന്നിദ്ധ്യമോ, അദ്ദേഹത്തെ സ്വീകരിക്കുവാനുള്ള ഒരു മാളികമുറിയുടെ ആവശ്യമോ അവർ കാണുന്നില്ല. വീട്ടിന്റെ അടിത്തട്ടിലുള്ള ലൗകിക യാഥാർത്ഥ്യങ്ങളെ മാത്രമേ അവർ കാണുന്നുള്ളു.

ജീവിതമാകുന്ന ഭവനത്തിനു് ഒരു മാളികമുറി ഉണ്ടായിരിക്കുക എന്നുള്ളതു് ജീവിതത്തിന്റെ ശരിയായ വളർച്ചയ്ക്കു് അത്യന്താപേക്ഷിതമാണു് "നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക" എന്നു കർത്താവു കല്പിച്ചിട്ടുണ്ടു്. കർത്താവിനോടുകൂടി ഏകാന്തനായിരിക്കാവുന്ന ഒരു "അറ" ഓരോരുത്തർക്കും ആവശ്യമാണു്. അതാണു് നമ്മുടെ ആത്മീയ വിരുന്നുശാല. ഓരോ ദിവസവും നിശ്ചിതസമയങ്ങളിൽ അവിടെ വച്ചു് നമ്മുടെ ദിവ്യ അതിഥിയുടെ സമീപത്തിരുന്നു നർമ്മ സംഭാഷണം ചെയ്യുന്ന പതിവു നമുക്കുണ്ടാകണം. ജീവിതത്തിലെ വ്യാപാരങ്ങൾക്കെല്ലാം ആവശ്യമായ മാർഗ്ഗനിർദ്ദേശവും ശക്തിയും സമാധാനവും അവിടെ നിന്നാണു നമുക്കു ലഭിക്കേണ്ടതു്. ജോലിത്തിരക്കും ബദ്ധപ്പാടും വർദ്ധിക്കുമ്പോൾ മാളികമുറിയിൽ നാം കൂടുതൽ സമയം ചെലവഴിക്കയാണു്. വേണ്ടതു്. പ്രാർത്ഥിക്കാൻ സമയമില്ല എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ജീവിക്കാൻ സമയമില്ല എന്നാണു്. പ്രാർത്ഥന കൂടാതെ ശരിയായ ജീവിതം സാദ്ധ്യമല്ല. കേവലം കർമ്മാനുഷ്ഠാനപരമായ പ്രാർത്ഥനകൊണ്ടു മാത്രം നാം തൃപ്തിയടയരുതു്. ബെഥാന്യയിലെ മറിയയെപ്പോലെ കർത്താവി

ക്ഷീസ് കക്ഷിയിൽപെട്ട ഒരു സ്ഥാനാർത്ഥിക്കെതിരായി പ്രചരണം നടത്തുനുള്ള സാമർത്ഥ്യം അവർ പ്രദർശിപ്പിക്കാതിരിക്കയില്ല. അങ്ങനെയുള്ള അവസരങ്ങളിൽ രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളെ വിസ്മരിക്കാതിരിക്കുവാൻ നാം പഠിക്കേണ്ടതാണു്. പ്ര[illegible]യോഗിയെ ആത്മാർത്ഥമായ സ്നേഹം [illegible]കൊണ്ടും സഹകരണം കൊണ്ടും സ്വപക്ഷത്തേക്കു് ആകർഷിക്കുവാനുള്ള സന്ദർഭമായിട്ടാണു് ഈദൃശമായ അവസരം [illegible] വിനിയോഗിക്കേണ്ടതു്. പരമ[illegible]ലക്ഷ്യങ്ങൾ വിസ്മരിക്കപ്പെട്ടു[illegible]കാൻ സങ്കുചിതങ്ങളായ നമ്മുടെ [illegible]ഗണനകളും വികാരങ്ങളും നമ്മെ [illegible]നരാക്കാൻ അനുവദിക്കുകയില്ലെ[illegible] വിശ്വസിക്കുന്നു. സ്നേഹമാണ[illegible]യ പ്രതികാരം.

തുമ്പമൺ മെത്രാസന ഇടവക വാർഷിക പൊതുയോഗം.

പത്തനംതിട്ട

തുമ്പമൺ മെത്രാസന ഇടവക വാർഷിക പൊതുയോഗം നി. വ. ദി. ശ്രീ. മാർ പീലക്സീനോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ 1953 ഡിസംബർ 31-ാംനു വ്യാഴാഴ്ച മാക്കാംകുന്നുപള്ളിയിൽ കൂടി. മിക്കവാറും എല്ലാ പള്ളികളുടേയും പ്രാതിനിധ്യം ഉണ്ടായിരുന്നു. 45 വൈദികരും ഉദ്ദേശം 90 അയ്മേനികളും അതിൽ സംബന്ധിച്ചു. വളരെ പ്രധാനമായ പല കാര്യങ്ങളും ചിന്തിക്കുകയും അംഗീകരിക്കുകയും നിശ്ചയിക്കുകയും ചെയ്തു. വാർഷിക റിപ്പോർട്ടും ഒരെട്ടും പാസ്സാക്കിയ ശേഷം സപ്താ ദശവത്സരപദ്ധതിയുടെ പിരിവിനു ഗ്രൂപ്പുകളും ലീഡറന്മാരേയും നിശ്ചയിച്ചു. മെത്രാസന ഇടവകവകയായി ആദ്ധ്യാത്മികവും മാനസികവുമായ പരിപോഷണത്തിനുതകത്തക്കവണ്ണം ഒരു പത്രിക നടത്തേണ്ടതാണെന്നു തീരുമാനിക്കുകയും അതിനു മെത്രാസന സെക്രട്ടറി കൺവീനറായി റവ. ഫാ. കെ. ഡേവിഡ് സഭാകവി സി. പി. ചാണ്ടി എന്നിവരടങ്ങിയ മൂന്നംഗങ്ങൾ ഉള്ള ഒരു പത്രാധിപസമിതിയെ നിയമിക്കുകയും ചെയ്തു. വൈദികരുടെ സാമ്പത്തികോൽക്കർഷത്തെ ലാക്കാക്കി ഒരു പ്രോവിഡൻറ് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പര്യാലോചിച്ച് റിപ്പോർട്ടു ചെയ്യുന്നതിനു ഒരു കമ്മിററിയെ അധികാരപ്പെടുത്തി. ഭരണഘടനയനുസരിച്ചുള്ള ദശാംശപ്പിരിവ് എത്രയുംവേഗം ഈ മെത്രാസനത്തിലും നടപ്പാക്കണമെന്നു തീരുമാനിച്ചു. ഒരു മെത്രാസന ആഫീസ് ഉണ്ടാകേണ്ടതിൻെറ ആവശ്യം യോഗത്തിനു ബോദ്ധ്യപ്പെടുകയും അതിൻെറ പണപ്പിരിവിനു ഒരു കമ്മിററിയെ നിയോഗിക്കുകയും ചെയ്തു. മിഷ്യൻബോർഡിൻെറ പ്രവർത്തനങ്ങൾ, യൂത്ത്ലീഗ്, സണ്ടേസ്കൂൾ, മർത്തമറിയംസമാജം മുതലായവയുടെ പ്രവർത്തകരെ കൂടുതൽ സഹായിച്ചും ഉൽസാഹിപ്പിച്ചും നടത്തണമെന്നു തീരുമാനിച്ചു. പത്തനംതിട്ട കോളജ് കാര്യങ്ങൾ പര്യാലോചിക്കുകയും അതിനാവശ്യമായ എല്ലാസഹായസഹകരണങ്ങളും ചെയ്യണമെന്നു തീരുമാനിക്കുകയും ചെയ്തു.

ഓർത്തഡോക്സ് യൂണിവേഴ്സിററി അദ്ധ്യാപക കോൺഫറൻസ്.

കോട്ടയം ജനു. 4.

കേരളത്തിലെയും മദ്രാസിലെയും വിവിധ കോളേജുകളിൽ ജോലി ചെയ്യുന്ന പതിനഞ്ചദ്ധ്യാപകർ എം.ഡി.ഹോസ്റ്റലിൽ സമ്മേളിച്ചു. ഡോ. സെൻറണോവ് 'പൗരസ്ത്യഓർത്തഡോക്സ് പാരമ്പര്യത്തിൻെറയും സംസ്കാരത്തിൻെറയും മുഖ്യലക്ഷണങ്ങൾ' എന്ന വിഷയത്തെപ്പററിയും റവ. എം. വി. ജോർജ് ശെമ്മാശൻ 'ഓർത്തഡോക്സ് സഭയും എക്യുമിനിക്കൽ പ്രസ്ഥാനവും' എന്ന വിഷയത്തെപ്പററിയും മിസ്സസ് അന്നമ്മ വർക്കി, മി. നൈനാൻ ഏബ്രഹാം എന്നിവർ 'ഓർത്തഡോക്സ് സഭ ഇന്ത്യാചരിത്രത്തിൻെറയും സംസ്കാരത്തിൻെറയും പശ്ചാത്തലത്തിൽ' എന്ന വിഷയത്തെപ്പററിയും പ്രസംഗിച്ചു. ഫാദർ കെ. പീലിപ്പോസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ ബിസിനസ് യോഗത്തിൽ വച്ച് ഓർത്തഡോക്സ് യൂണിവേഴ്സിററി അദ്ധ്യാപകന്മാർക്ക് സ്ഥിരമായ ഒരു സംഘടന ഉണ്ടായിരിക്കണമെന്നു തീരുമാനിച്ചു. അടുത്ത സമ്മേളനം മദ്ധ്യവേനൽ അവധിക്കാലത്തു നടത്തേണ്ടതാണെന്നു തീരുമാനിക്കുകയും അതിലേക്ക് മിസ്സസ് അന്നമ്മ വർക്കി, (യൂണിവേഴ്സിററി കോളജ്) മെ. വി. ററി. തോമസ്, ഏബ്രഹാം കോശി' (പത്തനംതിട്ടകോളജ്) മിസ്സ് റേച്ചൽ ഫിലിപ്പ്. (വിമൻസ് ക്രിസ്ത്യൻ കോളജ് മദ്രാസ്) മി. സി. വി. ചെറിയാൻ. സിം. എം. എസ്സ്. കോളജ് കോട്ടയം, കൺവീനർ) എന്നിവരുൾപ്പെട്ട ഒരു കാര്യനിർവഹണ സമിതിയെ തെരഞ്ഞെടുത്തു.

ൻെറ പാദപീഠത്തിൽ ഇരുന്നുകൊണ്ടു ശ്രവിക്കുന്ന തരത്തിലുള്ള പ്രാർത്ഥന. ആത്മാവിൻെറ അറയിൽ കടന്നു വാതിൽ അടച്ച് ഏകാഗ്രചിത്തനായി ദൈവഹിതം അറിയുവാനും ദൈവത്തിൽനിന്നു ശക്തി പ്രാപിക്കുവാനും കാത്തിരിക്കുന്ന പ്രാർത്ഥന നമ്മുടെയും മററുള്ളവരുടെയും ആവശ്യങ്ങൾക്കായി ഉത്തരം ലഭിക്കുന്നതുവരെ മുട്ടിപ്പായി പ്രാർത്ഥിക്കുന്ന പ്രാർത്ഥന—ഇതായിരിക്കണം കർത്താവിനോടുകൂടി മാളികമുറിയിൽ, ആത്മാവിൻെറ വിരുന്നുശാലയിൽ നാം കഴിക്കുന്ന പ്രാർത്ഥനയുടെ സ്വഭാവം. നമ്മുടെ കൂട്ടായ്മയ്ക്കായി കർത്താവ് അഗ്രഹിക്കുന്നു. നമുക്കായി താൻ കാത്തിരിക്കുന്നു. നമ്മുടെ ഹൃദയത്തിൻെറ വിരുന്നുശാലയിൽ താൻ അതിഥിയും ആതിഥേയനുമാണ്. തന്നോടു സംസർഗ്ഗം ചെയ്യുവാനുള്ള പദവിയെ ജീവിതത്തിലെ ഏററവും വലിയ പദവിയായിക്കരുതി നമ്മുടെ ഹൃദയത്തിൻെറ മാളികമുറി തനിക്കായി വിരിച്ചൊരുക്കി സൂക്ഷിക്കുവാൻ നാം സദാ ശ്രദ്ധിക്കേണ്ടതാകുന്നു.

വേദവായനക്കുറിപ്പുകൾ

തിങ്കൾ. മത്തായി. 21-9-13.

പലരും അവരുടെ ജീവിതസാഹചര്യങ്ങളിൽ കാണപ്പെടുന്ന സാമൂഹികവും വ്യാവസായികവുമായ വ്യവസ്ഥിതി അപരിഹാര്യമെന്ന് പരിഗണിക്കാറുണ്ട്. അടിമത്തമോ, വിശ്രമമില്ലാത്ത ജോലികളോ, ഇതര അസമത്വങ്ങളോ എല്ലാം തന്നെ നീക്കുപോക്കില്ലാത്ത കെട്ടുപാടുകളായിട്ടാണ് അവർ പരിഗണിക്കുക. അവ എത്രമാത്രം ന്യായീകരിക്കാമെന്നോ പുലർത്താമെന്നോ ചിന്തിക്കാതെ അവർ അവരുടെ സ്വാർത്ഥലക്ഷ്യം മാത്രം നോക്കി ജീവിതം തുടരുന്നു. എന്നാൽ യേശുതമ്പുരാന്റെ നിലപാടെന്തായിരുന്നു അവയുടെ പുരാതനത്വമോ സമുദായത്തിൽ അവയ്ക്കു ലഭിച്ചിരിക്കുന്ന അംഗീകാരമോ ഒന്നും തന്നെ അവ അംഗീകരിക്കുന്നതിനു തനിക്കു മതിയായ കാരണമായിരുന്നില്ല. ദൈവരാജ്യത്തിൽ താൻ വിശ്വസിച്ചു. അതിനനുസരണമായി മറ്റുള്ളവ രൂപാന്തരപ്പെടേണ്ടതാവശ്യമായി താൻ കരുതി. മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെ പറ്റി തനിക്കുണ്ടായിരുന്ന വിശ്വാസം നിങ്ങൾക്കുമുണ്ടോ. ഭാവിയെപറ്റി ആനന്ദവീക്ഷണമുള്ളവരായി ഭയലേശം കൂടാതെ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാൻ നിങ്ങൾ സന്നദ്ധരാണോ?

ചൊവ്വാ. മത്തായി 3: 13-17.

കർത്താവ്, തന്റെ ജീവിതോദ്ദേശത്തെക്കുറിച്ചുള്ള ബോധം തന്നിൽ രൂഢമൂലമായപ്പോൾ അനുഷ്ഠിക്കുന്ന ഈ സ്വയസമർപ്പണം ശ്രദ്ധാർഹമായ ഒരു കൃത്യമായിരുന്നു. എന്നാൽ അതിനനുസരണമായി താൻ അനുഷ്ഠിക്കേണ്ടിയിരുന്ന സ്വയവർജ്ജനയും അതു് നിറവേറുന്നതിനാവശ്യമായിരുന്ന ധൈര്യവും എത്രവലിയതായിരുന്നു. ദൈവം ആവശ്യപ്പെടുന്നതനുസരിച്ച് തനിക്കിഷ്ടമുള്ള എവിടെ എങ്കിലും നമ്മെ ഉപയോഗിക്കത്തക്ക വിധത്തിൽ പരിപൂർണ്ണമായി നമ്മെ വിട്ടുകൊടുക്കത്തക്ക ധൈര്യം നമുക്കുണ്ടോ? നമ്മുടെ കഴിവുകൾ പരിമിതമായിരിക്കാം. അകർ ...കമായ യാതൊന്നും നമുക്കില്ലെന്നു ...മുക്കു തോന്നിയേക്കാം. എങ്കിലും ന... ...ന്നെ യാതൊരു വ്യവസ്ഥയുംകൂടാ... വിട്ടുകൊടുക്കുവാൻ നമുക്കു കഴിയു... അവിടെയാണ് നമ്മുടെ ധൈ... കാണേണ്ടതു്. സർവ്വവും അതിന്മേ... ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു.

...്. ലൂക്കോസ്. 12: 1-14

...ിന്റെ ഭയമില്ലായ്മ്മ

പ്രധാന കാരണം, തിന്മ ഒരിക്കലും അന്ത്യത്തിൽ വിജയിക്കുകയില്ലെന്നു തനിക്കുണ്ടായിരുന്ന ഉത്തമബോധത്തിന്റെ ഫലമായിരുന്നു. അതുപോലെ സത്കൃത്യങ്ങൾ എത്രതന്നെ പരിമിതമായ സാഹചര്യത്തിൽ ആരംഭിച്ചിരുന്നാലും അതു് അന്ത്യത്തിൽ വിജയക്കൊടി നാട്ടുമെന്നും താൻ വിശ്വസിച്ചിരുന്നു. ദൈവത്തോടുകൂടെ പ്രവർത്തിക്കുന്നവൻ താല്ക്കാലികമായി എന്തെല്ലാം എതിർപ്പുകൾ നേരിടേണ്ടി വന്നാലും വിജയിച്ചേ മതിയാകൂ എന്നും താൻ അറിഞ്ഞിരുന്നു. ഈ ഒരു വിശ്വാസം നിങ്ങളുടെ ജീവിതത്തേയും ആവരണം ചെയ്യുന്നുണ്ടോ? ദൈവത്തിന്റെ തിരുവിഷ്ടം നിറവേറുമെന്നും നീതിക്കുവേണ്ടി നിങ്ങൾ നടത്തുന്ന സമരംമൂലം നമ്മുടെ ജൈത്രയാത്രയ്ക്കു നൂതനവീഥികൾ നിർമ്മിക്കുകയാണെന്നും നിങ്ങളറിയുന്നോ? അടിമത്തം നശിപ്പിക്കാമെന്നുള്ള ചിലരുടെ വിശ്വാസത്തിൽനിന്നാണ് അടിമത്തത്തിനെതിരായുള്ള സമരമാരംഭിച്ചതെന്നും രാഷ്ട്രീയമായ ദൂഷിപ്പുകളും സാമുദായികമായ അനീതികളും ഉച്ചാടനംചെയ്യാൻ കഴിയുമെന്നും ലോകത്തെ മുഴുവനായി ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുവാൻ കഴിയുമെന്നും വിശ്വസിക്കുന്ന ആളുകളുടെ ആവശ്യം എത്ര അധികം എന്നു കാണുക.

വ്യാഴം. യോഹന്നാൻ 15: 9-15

കർത്താവിനു് ശിഷ്യസമൂഹത്തോടുണ്ടായിരുന്ന സ്നേഹം ഇത്രമാത്രം വെളിവാക്കുന്ന മറ്റൊരു ഭാഗം ഇതര സുവിശേഷങ്ങളിൽ കാണ്മാനില്ല. ശിഷ്യന്മാരെ ഗാഢമായി കരുണാസമന്വിതം കർത്താവു സ്നേഹിച്ചിരുന്നു എന്നാണു് ഈ ഭാഗം വ്യക്തമാക്കുന്നതു്. അചഞ്ചലമായ ധൈര്യം, അനീതിയോടുള്ള കഠിനമായ വെറുപ്പു്, ശിഷ്യന്മാരോടുള്ള സ്നേഹവായ്പു്, ഇവയെല്ലാം കർത്താവിൽ നമുക്കു കാണുവാൻ കഴിയുന്നു. ഉജ്ജ്വലപ്രാഭവനായ പൗലൂസ് അപ്പോസ്തലൻ, തെസ്സലോനിക്യ സഭയോടു തനിക്കുണ്ടായിരുന്ന ആർദ്രതയും സ്നേഹവും പ്രകടമാക്കുന്ന ഭാഗം വായിച്ചുനോക്കുക. (1 തെസ്സ. 2. 7 8) സ്നേഹബന്ധത്തിൽ ഈ വിധം ആർദ്രഭാവം പ്രകടിപ്പിക്കുന്നതിനു ചിലർ വിമുഖരാണു്. അതു പോരായ്മയായിട്ടാണവർ കരുതുന്നതു്. അവർ നിസ്സാരന്മാരാണെന്നേ പരിഗണിച്ചു കൂടൂ. :: മഹാനുഭാവന്മാർ എപ്പോഴും ആർദ്രമനസ്കരും സ്നേഹസമ്പന്നരും ആയിരിക്കും.

വെള്ളി. മത്താ. 18: 6, 10-14

കർത്താവു മനുഷ്യജാതിയെ മുഴുവനേയും ഏകപിതാവോടുകൂടിയ ഒരു കുടുംബമായും ആ കുടുംബത്തിലെ ഓരോ അംഗത്തെയും അമൂല്യരായും വീക്ഷിച്ചു കാണുന്നു. എല്ലാ മനുഷ്യരും സ്വകുടുംബാംഗങ്ങളെന്നും അതിൽ യാതൊരുവനും നിസ്സാരനല്ലെന്നും ചിന്തിക്കത്തക്ക വിധത്തിൽ തന്റെ സ്നേഹത്തിനു അവർ പാത്രരായിട്ടുണ്ടെങ്കിൽ അവിടത്തെ സ്നേഹം എത്ര വലുതായിരിക്കണം. അങ്ങിനെയുള്ള ഒരു കുടുംബത്തിലെ ഒരംഗമാണു നിങ്ങളെന്നും കർത്താവിന്റെ സ്നേഹത്തിനു തുല്യമായ സ്നേഹത്താൽ സർവ്വരുടേയും പിതാവായ ദൈവം നിങ്ങളെയും സ്നേഹിക്കുന്നു എന്നും ചിന്തിക്കുക. ആ സ്നേഹത്തിനനുയോജ്യമായ വിധത്തിൽ നിങ്ങൾ വർത്തിക്കുന്നുണ്ടോ. സ്നേഹസമ്പൂർണ്ണനായ ദൈവത്തിന്റെ ദൃഷ്ടിയിൽ അമൂല്യനായി പരിഗണിക്കപ്പെടുന്ന നിങ്ങൾ തത്തുല്യമായ ഒരു ജീവിതമാണോ നയിക്കുന്നതു്. സർവ്വ മനുഷ്യരും, വിശിഷ്യ ത്യാജ്യരെന്നു് സാധാരണമനുഷ്യർ പരിഗണിക്കുന്നവർപോലും അമൂല്യരാണെന്നരീതിയിലാണോ നിങ്ങൾ ജീവിക്കുന്നതു്. നിങ്ങളുടെ ജീവിതസാഹചര്യത്തിൽ പതിതരും വർജ്ജിതരുമായി സമുദായ പരിഗണിച്ചിരിക്കുന്ന ചിലരെ എങ്കിലും കണ്ടുപിടിച്ചു് അവർ നിങ്ങൾക്കു് അമൂല്യരാണെന്ന ബോധത്തോടെ അവരോടു് ഇനി മുതൽ വർത്തിക്കുവാൻ കഴിയുമോ?

ശനി. ലൂക്കോസ്. 15: 21-32

കർത്താവു് പഠിപ്പിച്ച ഈ ഉപമ ആദ്യംമുതൽ വായിക്കുന്നതു് പ്രയോജനകരമായിരിക്കും. കർത്താവു് സുവിശേഷസത്യങ്ങൾ കുടുംബജീവിത ചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നതുകാണുക. വിച്ഛേദിക്കപ്പെടുവാൻ പാടില്ലാത്ത ബന്ധം കുടുംബജീവിതത്തിൽ മാത്രമാണു കാണുന്നതു്. അവിടെ മുടിയനായ പുത്രൻ പുത്രൻതന്നെ., സ്നേഹമില്ലാത്ത സഹോദരൻ സഹോദരനുമത്രേ. കർത്താവു സർവ്വ മനുഷ്യരെയും ഒരു കുടുംബത്തിലെ അംഗങ്ങളെന്നു് പരിഗണിച്ചു. അതുമൂലം, പാപികളുമായി ഇടപെടുന്നതിനു വിമുഖരായിരുന്ന പരീശന്മാർ അവരോടുള്ള സഹോദര ബന്ധം നിഷേധിക്കുകയാണെന്നാണു് കർത്താവു പരിഗണിച്ചതു് താൻ പഠിപ്പിച്ച ഉപമയിലെ മൂത്തപുത്രന്റെ നിലയാണു പരീശന്മാരുടേതെന്നു് അവിടുന്നു് വ്യക്തമാക്കി. ഏതൊരു മനുഷ്യനും അവൻ എത്ര തന്നെ ദുഷ്ടനോ,

രണ്ടാമനില്ലാത്ത ഒന്നാമൻ

(റെവ. ഡീക്കൻ എം. വി. ജോർജ്ജ് എം. എ. എസ്. റ്റി. എം.)

III

ഏകപാപരഹിതൻ

യേശുക്രിസ്തുവിന്റെ കന്യകയിൽകൂടിയുള്ള ജനനം തനിക്കു ജന്മപാപമില്ല എന്നു തെളിയിക്കുന്നതുപോലെ തന്റെ ലോകജീവിതം തനിക്കു കർമ്മപാപമില്ല എന്നും തെളിയിച്ചിരിക്കുന്നു ഭൂലോകചരിത്രത്തിൽ പാപം ഒട്ടും ലേശാത്തവനായി വേറെ ആരെങ്കിലും ജീവിച്ചിരുന്നതായി ഇതുവരെയും അറിവില്ല. “നമുക്കുള്ള പുരോഹിതൻ നമ്മുടെ ബലഹീനതയിൽ സഹതാപം കാണിക്കുവാൻ കഴിയാത്തവനല്ല. പാപമൊഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളതു്.” (എബ്രായർ 4:15)

തന്റെ ഇഹലോകജീവിത കാലത്തു തനിക്കു ഏതെങ്കിലും പാപത്തെക്കുറിച്ചു ആരെങ്കിലും ബോധം വരുത്തുവാൻ കഴിയുമൊ എന്നു ചോദിച്ചിട്ടു് ആരും തന്നെ അതിനു ധൈര്യപ്പെട്ടില്ല. “ഞാനോ സത്യം പറയുന്നതുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു. ഞാൻ സത്യം പറയുന്നുവെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതെന്തു്” (വി: യോഹ 8:46) “പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു. അവനിൽ പാപമില്ല. (1 യോഹ— 3: 5) തന്റെ കുറ്റം കണ്ടുപിടിക്കുവാൻ ശ്രമിച്ച പീലാത്തോസുപോലും ഞാൻ കുറ്റമില്ലാത്തവന്റെ രക്തംവിലയ്ക്കു കൊടുത്തുവെന്നു കൈകഴുകിയ സംഭവം നാം വിസ്മരിച്ചുപോകരുതു്. സത്യത്തിനു സാക്ഷി നില്ക്കേണ്ടതിനു ഞാൻ ജനിച്ചു എന്നു പീലാത്തോസിന്റെ മുമ്പിൽ ധൈര്യമായി പറഞ്ഞ മശിഹായെക്കുറിച്ചു പീലാത്തോസിനു പറയുവാനുണ്ടായിരുന്ന വിധി “ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല. എന്നായിരുന്നു. (യോഹന്നാൻ 18:38) യേശുവിനെ ക്രൂശിൽ തറച്ചപ്പോൾ കുറ്റസംഗതിയായി എഴുതുവാനുണ്ടായിരുന്നതു യഹൂദന്മാരുടെ രാജാവായ യേശു എന്നു മാത്രമാണു്. (മത്തായി:27:37) മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും അവന്റെ കുറ്റസംഗതി വിളിച്ചു പറഞ്ഞതു” ഇവൻ മറ്റുള്ളവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാൻ കഴിയുകയില്ല എന്നുള്ളതായിരുന്നു (മത്തായി 27:42) അതു ക്രിസ്തുവിനെപ്പറ്റിയുള്ള ഒരു പ്രശംസാവചനമായിട്ടുമാത്രമേ ആരും പരിഗണിക്കുകയുള്ളു.

തന്നോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാരിൽ ഒരാൾപോലും അദ്ദേഹത്തിന്റെ പാപരാഹിത്യത്തിനു സാക്ഷ്യം വഹിച്ചു. “നാമോ ന്യായമായിട്ടു ശിക്ഷയനുഭവിക്കുന്നു. നാം പ്രവർത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നതു്. ഇവനോ അരുതാത്തതൊന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു. (ലൂക്കോസ് 23: 41) ഇങ്ങനെ നോക്കിയാൽ തന്റെ ജീവിതം ആദ്യാവസാനം പാപപങ്കിലമായ യാതൊന്നുംതന്നെ ഇല്ലായിരുന്നുവെന്നു ശത്രുക്കൾപോലും സമ്മതിച്ചത്രെ.

തന്റെ പാപമില്ലായ്മയുടെ കാരണം താൻ കേവലം മനുഷ്യനായിരുന്നില്ല എന്നുള്ളതാണു്. മനുഷ്യരിൽ അത്യുത്തമനായിരുന്നവനുപോലും പാപത്തിന്റെ ഒരു കണികപോലും ഇല്ലാതെ വരികയില്ല. ‘എല്ലാവരും പാപം ചെയ്തു. ഒരുപോലെ ദൈവതേജസില്ലാതെയായി തീർന്നിരിക്കുന്നു”. നീതിമാൻ ആരുമില്ല. ഒരുത്തൻപോലുമില്ല” “നമുക്കു പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു സത്യം നമ്മിൽ ഇല്ലാതെയായി — യോഹ. 1: 8 വെള്ളത്തിൽ കുടിച്ചു ചാവുന്ന ഒരുവനെ രക്ഷിക്കണമെങ്കിൽ നീന്തു നല്ല വശമുള്ള ഒരാൾക്കേ സാധിക്കൂ. കുരുടനു കുരുടനെ വഴികാട്ടുക സാധ്യമല്ല. അന്ധകാരം മാറണമെങ്കിൽ പ്രകാശം ഉദിക്കണം. പാപികളെ രക്ഷിക്കണമെങ്കിൽ പാപമില്ലാത്തവൻ വരണം ആകയാൽ ദൈവം തന്റെ ഓമനക്കുമാരനെ പാപമറിയാത്തവനായി ഈ ലോകത്തിലേക്കയച്ചു. അവനെക്കുറിച്ചു മാത്രമേ “അവൻ സകലവും നന്നായിചെയ്തു. (മർക്കോസ് 7: 37). അവൻ മാത്രം പാപമില്ലാത്തവനാകയാൽ അവൻ മാത്രം ലോകരക്ഷിതാവായി അവശേഷിക്കുന്നു” എന്നു പറയുന്നുള്ളു. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയുംപോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു. അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകല പാപവുംപോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1 യോഹ 1: 9, 1:7)

അജ്ഞാനിയോ, [illegible], ആയിരുന്നാലും നമ്മുടെസഹോദരൻതന്നെയാണു്. കർത്താവു പഠിപ്പിച്ച ഈ തത്വം പ്രയോഗികമാക്കിയാൽ അതിന്റെ ഭവിഷ്യത്തെന്തായിരിക്കുമെന്നു ചിന്തിക്കുക. നമ്മുടെ വ്യാപാരത്തിലും, തൊഴിലിലുമെല്ലാം അതു് വരുത്തിവയ്ക്കുന്ന വിപ്ലവം എത്ര വലുതായിരിക്കും? സാമുഹ്യസേവനത്തിനും മിഷ്യൻ പ്രവർത്തനങ്ങൾക്കും പിന്നിൽ കിടക്കുന്ന പരമലക്ഷ്യം എന്തായിരിക്കാം. ഈ തത്വം അംഗീകരിച്ചു കഴിഞ്ഞാൽ നിങ്ങൾക്കു് അന്യരുമായുള്ള ബന്ധം പുതുക്കേണ്ടതായി വരുമോ?

നല്ല ഇടയൻ.

(വെറി. റവ. എം. സി. കുറിയാക്കോസ് റമ്പാൻ.)

നല്ല ഇടയൻ എപ്രകാരമുള്ളവനാണ് എന്നും അവനും അവൻെറ ആടുകളും തമ്മിലുള്ള ബന്ധം എങ്ങിനെയുള്ളതാണെന്ന് എന്നും "നല്ല ഇടയൻ" തന്നെ വർണ്ണിച്ചിട്ടുണ്ടല്ലൊ. "ആട്ടിൻ തൊഴുത്തിലേക്ക വാതിലിലൂടെ കടക്കുന്നവൻ ആടുകളുടെ ഇടയൻ ആകുന്നു. ആടുകൾ അവൻെറ ശബ്ദം കേൾക്കുന്നു. അവനുള്ളവയെ ഒക്കയും അവൻ പുറത്തു കൊണ്ടുപോയശേഷം അവൻ അവയെ പേർചൊല്ലി വിളിക്കുന്നു. അവ അവൻെറ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. അവ അകത്തു വരികയും പുറത്തുപോകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനെ വയ്ക്കുന്നു."

വിശുദ്ധനാട്ടിലെ ആടുകളുടെ ജന്മവാസനാപരമായ ജീവിതരീതിയും അവയും അവയുടെ ഇടയനും തമ്മിലുള്ള ബന്ധവുമത്രെ ഇവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. ദാവീദ് അദ്ദേഹത്തിൻെറ ബാല്യകാലത്തു അപ്രകാരമുള്ള ഒരു ഇടയൻ ആയിരുന്നു.

കാലം കടന്നു. ദാവീദ് ഇസ്രായേലിൻെറ രാജാവായി ഉയർന്നു. സന്തോഷങ്ങൾ മാത്രമല്ല ദുഃഖങ്ങളും അദ്ദേഹം അനുഭവിച്ചു. നന്മകൾ മാത്രമല്ല തിന്മകളും അദ്ദേഹം പ്രവർത്തിച്ചു. വിജയങ്ങൾമാത്രമല്ല പരാജയങ്ങളും അദ്ദേഹത്തിനു അനുഭവമായി. അദ്ദേഹം പുറകോട്ടുനോക്കി. ദൈവത്തിൻെറ ശാശ്വതകൈ അദ്ദേഹം എല്ലായിടത്തും ദർശിച്ചു. അദ്ദേഹത്തിൻെറ ബാല്യകാലത്തെ ഇടയജീവിതം അദ്ദേഹം ഓർത്തു. ആ പൂർവ്വസ്മരണകളെ അടിസ്ഥാനമാക്കി അദ്ദേഹത്തെത്തന്നെ ഒരു ആടിനോടും ദൈവത്തെ ഒരു നല്ല ഇടയനോടും അദ്ദേഹം താരതമ്യപ്പെടുത്തി. ദൈവം നല്ല ഇടയനാകുന്നു എന്നു അദ്ദേഹത്തിനു ബോധ്യമായി. യഹോവ എൻെറ ഇടയനാകുന്നു എന്നാദിയായ മനോഹര സങ്കീർത്തനം അദ്ദേഹം എഴുതി.

യഹോവ എൻെറ ഇടയനാകുന്നു, അവൻ എന്നെ അറിയുന്നു, സ്നേഹിക്കുന്നു, തീററുന്നു, കുടിപ്പിക്കുന്നു, തണുപ്പിൽ നടത്തുന്നു, ആശ്വസിപ്പിക്കുന്നു. രക്ഷിക്കുന്നു, ആനന്ദിപ്പിക്കുന്നു,— പച്ചമേച്ചിൽസ്ഥലത്തു മേയിക്കുന്നു. യഹോവ എൻെറ ഇടയനാകുന്നു. ദാവീദിൻെറ ആ ആശയത്തെ യേശുമശിഹാ സമ്മതിച്ചു ചൊല്ലി. "ഞാൻ നല്ല ഇടയൻ ആകുന്നു." നല്ല ഇടയൻ അവൻെറ ആടുകളെ സ്നേഹിക്കുന്നു. ഓരോ ആടിനെയും അവൻ സ്നേഹിക്കുന്നു, നൂറാടുകളിൽ ഒന്നു നഷ്ടപ്പെട്ടുപോയാൽ ബാക്കിയുള്ള തൊണ്ണൂററൊമ്പതിൽ അവൻ സംതൃപ്തനാകുന്നില്ല. അവൻ അതിനെ അന്വേഷിച്ചു പുറപ്പെടുന്നു. വന്യമൃഗങ്ങളുടെ വായിൽ അതു അകപ്പെടാതിരുപ്പാൻ സന്ധ്യാസമയത്തുതന്നെ അവൻ പുറപ്പെടുന്നു. അതിനെ പേരുചൊല്ലി വിളിച്ചുകൊണ്ട് മേച്ചിൽസ്ഥലത്തുകൂടെ നടക്കുന്നു. വഴി ദുർഘടമായാലും രാത്രി തണുപ്പുള്ളതായാലും അവൻ താല്പര്യത്തോടെ അന്വേഷണം തുടരുന്നു. അതിനെ കണ്ടെത്തിയാൽ അവൻെറ ഹൃദയം സന്തോഷിക്കുന്നു. അവൻ അതിനെ നടത്താതെ കുനിഞ്ഞെടുത്തു തോളിന്മേൽ വയ്ക്കുന്നു. അവൻ അതിനെ ചുമന്നുകൊണ്ടു വീട്ടിലേക്ക നടക്കുന്നു. സ്നേഹിതന്മാരെയും സമീപസ്ഥരെയും അവൻ വിളിക്കുന്നു. എൻെറ കാണാതെപോയ ആടിനെ കണ്ടുകിട്ടിയിരിക്കുന്നതിനാൽ എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു അവൻ പറയുന്നു. അവനും അവൻെറ ആടുകൾക്കും ഭാഗ്യം.

ഞാൻ നല്ല ഇടയനാകുന്നു എന്നു നമ്മുടെ രക്ഷകനായ ക്രിസ്തു പറയുന്നു. ലക്ഷോപലക്ഷം മാലാഖമാർ അവനു ശുശ്രൂഷചെയ്യുന്നു. ലക്ഷോപലക്ഷം വിശുദ്ധന്മാർ അവനുചുററും നിൽക്കുന്നു. അവർ ഒരിക്കലും വഴി പിഴയ്ക്കയില്ല. ആ സ്ഥിതിയ്ക്കു ഭൂമിയിൽ ഒരു വ്യക്തി വഴി പിഴച്ചാൽ അവൻ ആകുലചിത്തനാകുമോ? ഒരു വ്യക്തി വഴിതെററിയാലും അവൻ നിശ്ചയമായി ദുഃഖിക്കുന്നു. പല മക്കളിൽ ഒരുവൻ വീടുവിട്ടു പോയാൽ അവൻെറ മാതാപിതാക്കന്മാർക്ക വിചാരം ഇല്ലാതിരിക്കുമോ? തിരിച്ചുവന്നാൽ അവർ സന്തോഷിക്കയില്ലയോ? "ഞങ്ങളുടെ ഈ മകൻ മരിച്ചവനായിരുന്നു: വീണ്ടും ജീവിച്ചിരിക്കുന്നു; കാണാതെപോയിരുന്നു: കണ്ടുകിട്ടിയിരിക്കുന്നു" എന്നുപറഞ്ഞ് ആനന്ദിക്കയില്ലയോ? നമ്മുടെ നല്ല ഇടയൻ നമ്മെ എത്രയോ അധികമായി സ്നേഹിക്കുന്നു! ഒരുവനും നഷ്ടപ്പെട്ടുപോകാതെ എല്ലാവരെയും അവസാന നാളിൽ ഉയർപ്പിച്ചു പിതൃസന്നിധിയിൽ കൊണ്ടുചെല്ലണംഎന്നല്ലയോ അവൻെറ ആഗ്രഹം.

പ്രസ്തുത അന്വേഷണം ദൈവം ഏദനിൽ തുടങ്ങി. ആദമേ, എന്നു അവൻ വിളിച്ചു. ആദം ഒളിച്ചുകളഞ്ഞു. ആദമിനെ വീണ്ടെടുക്കുവാൻ അവൻ ഏകജാതനെ അയച്ചു. യറുശലേമേ, യറുശലേമേ എന്ന് ആ ഏകജാതൻ വിളിച്ചു. യറുശലേം തിരിഞ്ഞു നോക്കിയില്ല. യറുശലേം അവനെ നോക്കേണ്ടതിനു അവൻ ഭൂമിയിൽ ഉയർത്തപ്പെടേണ്ടതു ആവശ്യമായിരുന്നു. അവൻ കുരിശിൽ ഉയർത്തപ്പെട്ടു. ആടുകൾ ഇടയങ്കലേക്ക നോക്കിത്തുടങ്ങി. സത്യമായിട്ട് ഇവൻ ദൈവപുത്രനാകുന്നു എന്നു ഒരുവൻ ഏററു പറഞ്ഞു. കർത്താവേ, നിൻെറ രാജ്യത്തിൽ നീ വരുമ്പോൾ എന്നെയും ഓർത്തുകൊള്ളണമേ എന്നു മററൊരുവൻ അപേക്ഷിച്ചു. വഴി തെററി കാണാതെപോയ ആടുകൾ കണ്ടെത്തപ്പെട്ടുതുടങ്ങി. നല്ല ഇടയൻ അവൻെറ ആടുകൾക്ക വേണ്ടി ജീവനെ കൊടുക്കുന്നു എന്നു ആ നല്ല ഇടയൻ അരുളിയ മൊഴി നിറവേറി.

നല്ല ഇടയനു് ഓരോ ആടിനെയും കുറിച്ചു വിചാരം ഉണ്ടോ? നഷ്ടപ്പെട്ടുന്ന ഓരോവ്യക്തിയെയുംപററി അവനു ആകുലതയും, കണ്ടുകിട്ടുന്ന ഓരോ വ്യക്തിയെയും പററി അവനു സന്തോഷവും ഉണ്ടോ? നിശ്ചയമായിട്ടും ഉണ്ട്. ഈ ചിന്ത വിസ്മയകരമല്ലയോ? കാണാതെപോയ ആടിനെ നല്ല ഇടയൻ കണ്ടുപിടിക്കുമ്പോൾ സന്തോഷിക്കുന്നു നമുക്ക മനസ്സിലാകും. പുറപ്പെട്ടുപോയ പുത്രൻ തിരിച്ചെത്തുമ്പോൾ മാതാപിതാക്കന്മാർ ആനന്ദിക്കുന്നതും സുഗ്രാഹ്യമത്രെ! എന്നാൽ വഴിപിഴച്ച ഒരു വ്യക്തിയെ തിരികെ കിട്ടുമ്പോൾ ദൈവപുത്രൻെറ ഹൃദയം സന്തോഷിക്കുന്നു എന്നതു അത്ഭുതകരമല്ലയോ? സെഫന്യാവ് വിളിച്ചു പറയുന്നതു കേൾക്കുക. "നിൻെറ മദ്ധ്യേയുള്ള നിൻെറ ദൈവമായ കർത്താവു ബലവാനാകുന്നു, അവൻ നിന്നെ രക്ഷിക്കും. അവൻ നിന്നിൽ സന്തോഷത്തോടെ സന്തോഷിക്കും. അവൻ നിന്നോടുള്ള അവൻെറ സ്നേഹത്തിൽ ലയിച്ചിരിക്കും. അവൻ ആർപ്പോടെ നിന്നെക്കുറിച്ചു ആനന്ദിക്കും"

നല്ല ഇടയൻ അവൻെറ ആടുകളെ പച്ചമേച്ചിൽ സ്ഥലത്തേക്ക നടത്തും. അവൻ ആടുകൾക്കുവേണ്ടി ജീവനെ വയ്ക്കുമെന്നു യേശു അരുളുകയും ആ മൊഴിയെ നിറവേററുകയും ചെയ്തു. നമ്മൾ ആ നല്ല ഇടയൻെറ രക്തത്താൽ

Licence NO. 498 Dated 20-8-1946 Reg. M. 5286

THE CHURCH WEEKLY

വീണ്ടെടുക്കപ്പെട്ട ആടുകൾ ആകുന്നു. ആ സ്ഥിതിക്ക് നമുക്ക മേയുവാൻ അവൻ കരുതിയിട്ടുള്ള മേച്ചിൽസ്ഥലം ഏതാകുന്നു? അതു വിശുദ്ധസഭ അല്ലയോ? ആ പച്ച മേച്ചിലിൽ പുഷ്ടിയുള്ള പല പുൽപ്പുറങ്ങൾ ഉണ്ടു്.

വിശുദ്ധവേദം ആ പുൽപ്പുറങ്ങളിൽ ഒന്നത്രേ. നിങ്ങൾ തിരുവെഴുത്തുകളും ദൈവത്തിന്റെ ശക്തിയും അറിയാത്തതിനാൽ തെററിപ്പോകുന്നു എന്നു യേശുക്രിസ്തു ഒരിക്കൽ കല്പിച്ചതു പ്രത്യേകം ശ്രദ്ധാർഹമത്രേ. തെററാതിരിക്കുന്നതിനു തിരുവെഴുത്തുകൾ അറിയേണ്ടതു അത്യാവശ്യമാകുന്നു. അവിടുന്നുതന്നെ പരീക്ഷകൾ മൂന്നും ജയിച്ചതു തിരുവെഴുത്തിലെ ഓരോ മൊഴി മൂലം ആയിരുന്നുവല്ലൊ. തിരുവചനത്താലും പ്രാർത്ഥനയാലും നാം ശുദ്ധീകരിക്കപ്പെടുന്നു. എന്നു മാർ പൗലൂസ് എഴുതിയിട്ടുള്ളതും ഇവിടെ സ്മരിക്കപ്പെടാം. വളരെ കൊള്ള കണ്ടെത്തിയവനെപോലെ തിരുവചനത്തെ ദാവിദ് ഉപയോഗിച്ചിരുന്നു. തിരുവചനം എനിക്ക ധ്യാനമായിരുന്നില്ലെങ്കിൽ എന്റെ കഷ്ടതകളിൽ ഞാൻ നശിച്ചു പോകുമായിരുന്നു എന്നു അദ്ദേഹം എഴുതീട്ടുണ്ടല്ലൊ. ആ മൊഴികൾ നിത്യവും നമ്മുടെ കാലുകൾക്കു പ്രകാശവും ഊടുവഴികൾക്ക വിളക്കും ആയിരിക്കട്ടെ. വേദവായനയോടു അനുബന്ധിച്ചുള്ള ധ്യാനവും പ്രാർത്ഥനയും ആ പുൽപ്പുറത്തിനു സമീപത്തുള്ള സ്വച്ഛനീരുറവകളാകുന്നു എന്നതും വിസ്മരിക്കപ്പെട്ടുകൂടാ. ദാഹശമനത്തിനായി അവയിൽനിന്നും പാനം ചെയ്യുക.

സഭയാകുന്ന മേച്ചിൽ സ്ഥലത്തുള്ള വേറൊരു പുൽപ്പുറമാകുന്നു പള്ളി. പള്ളി ദൈവത്തിന്റെ ആലയമല്ലാതെ മറെറാന്നുമല്ല. അതു സ്വർഗ്ഗത്തിന്റെ വാതിൽ ആകുന്നു. ദൈവത്തിന്റെ ദൃഷ്ടിയും ഹൃദയവും എല്ലായ്പ്പോഴും അവിടെ ഉണ്ടു്. അവിടെ കഴിക്കപ്പെടുന്ന പ്രാർത്ഥനകൾക്ക അവന്റെ കണ്ണുകൾ തുറന്നും ചെവികൾ ശ്രദ്ധിച്ചും ഇരിക്കും. അവിടത്തെ ദിവ്യആരാധനയിൽ സ്വർഗ്ഗീയരും ഭൂമികരും സമ്മേളിക്കുന്നു. കർത്തൃദിവസങ്ങളിലെങ്കിലും ആ ആരാധനയിൽ സംബന്ധിക്കുക. വിശുദ്ധ കർബാന കാണുക മാത്രമല്ല അനുഭവിക്കുകയും ചെയ്യുക. അതു ഏദനിൽ വച്ചു ആദാമിനു ഭക്ഷിക്കുവാൻ സാധിക്കാതെപോയ ജീവവൃക്ഷത്തിന്റെ ഫലമാണു്. അതു് പുതിയ മന്നായാണു്. അതു് ജീവന്റെ അപ്പമാണു്. അതു് നിത്യതയുടെ ഔഷധമാണു്. അതു പുതിയ പെസഹായാണു്. അതു കുരിശിന്റെ കനിയാണു്. അതു നല്ല ഇടയന്റെ തിരുശരീരരക്തങ്ങളാകുന്ന തീക്കട്ടയാണു് എന്നു് ഓർത്തുകൊൾക. തദനുസരണമായ ഭക്തിയോടേ അതു അനുഭവിക്കുക. അതുള്ളതായ പള്ളി എത്രയോ പുഷ്ടിയുള്ളതും അനുഗ്രഹപ്രദവുമായ പുൽപ്പുറമാണു്.

കുമ്പസാരം എന്നതും വിശുദ്ധസഭയിലെ ഒരു പുൽമാലി അത്രേ. ഞാൻ വരുവോളം ഇപ്രകാരം നിങ്ങൾ ചെയ്‌വിൻ എന്നും വിശുദ്ധ കർബാനയെക്കുറിച്ചും, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ, എന്നു മാമോദീസായെക്കുറിച്ചും കല്പിച്ചവൻ തന്നെയാണു് ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും എന്നു ഉറപ്പുനൽകിയതു, "എനിക്ക ഏററവും ആവശ്യമുള്ളതു പാപമോചനമാണു്. അതുതരുവാൻ ഞാൻ ഉൾപ്പെട്ടിരിക്കുന്ന സഭക്കു അധികാരമില്ല എന്നു അതു പറയുന്നു. ആകയാൽ അതു തരുവാൻ അധികാരമുള്ള ഒരു സഭയിലേക്ക ഞാൻ ഇതാ പോകുന്നു." എന്നു ചെസ്റ്റേർട്ടൻ പ്രഭുവാണെന്നു തോന്നുന്നു പ്രസ്താവിച്ചുകൊണ്ടു് ആംഗ്ലേയസഭ വിട്ടു് റോമാസഭയിൽചേരുകയുണ്ടായി. അദൃശ്യമായ രീതിയിൽ പ്രാപിക്കണം എന്നത്രേ മനുഷ്യാവതാരത്തിന്റെ പ്രമാണം. പാപമോചനം സഭവഴിയല്ലാതെ ഉന്നതത്തിൽനിന്നു നേരിട്ടു പ്രാപിച്ചുകൊള്ളാം എന്നു ശഠിക്കുന്നവർ മനുഷ്യാവതാരത്തെ ഭോഷത്വമായി ഹസിക്കയല്ലയോ ചെയ്യുന്നതു്. യേശുക്രിസ്തു ദൃശ്യശരീരത്തിൽ ജീവിച്ചപ്പോഴും ഉയിർത്തെഴുന്നേററശേഷം പ്രബോധിപ്പിച്ച ഈ ഏകകാര്യം അവഗണിക്കപ്പെടാവുന്നതല്ല. സത്യ അനുതാപത്തോടേ പാപങ്ങൾ പട്ടക്കാരന്റെ മുമ്പാകെ ഏററു പറഞ്ഞു വിമോചനം പ്രാപിക്കുന്നവനു ലോകത്തിനു തരുവാൻ കഴിയാത്ത സമാധാനം ആസ്വദിക്കുവാൻ സാധിക്കും എന്നത്രെ അനുഭവസ്ഥരുടെ സാക്ഷ്യം.

നോമ്പും വിശുദ്ധ സഭയിലെ ഒരു പുൽമാലി ആകുന്നു. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ തന്നെയും നോമ്പ് ആചരിച്ചുവല്ലൊ. നോമ്പ് ആചരിച്ചിട്ടു് ആവശ്യമില്ലാതിരുന്ന ദൈവപുത്രൻ നോമ്പാചരിച്ചെങ്കിൽ മനുഷ്യമക്കൾക്കു് അതു എത്രയോ ആവശ്യമാണു്. വിശുദ്ധവേദപുസ്തകവും സഭാചരിത്രവും പരിശോധിക്കുക. തിന്നുകൊഴുത്തു് കുടിച്ചു മദിച്ചു് ജീവിച്ചിട്ടുള്ള ആരെയെങ്കിലും ദൈവസന്നിധിയിൽ വലിയവനായി ഉയർത്തിയിട്ടുണ്ടോ? മാർ പൗലൂസ് ശ്ലീഹാ എഴുതിയിട്ടുള്ള പ്രകാരം ഭക്തന്മാരൊക്കെയും ശരീരത്തെ ദണ്ഡിച്ചു്. ആത്മാവിനു കീഴ്പ്പെടുത്തുകയത്രേ ചെയ്തിട്ടുള്ളതു്. നോമ്പാകുന്ന പുൽമാലിയിൽ അവർ മേഞ്ഞു തിരുവചനമാകുന്ന നീരുറവയിൽ നിന്നു അവർ കുടിച്ചു. പ്രാർത്ഥനയാകുന്ന ഓയാർ അവർ ശ്വസിച്ചു. ഏവംവിധം അവർ ആത്മപുഷ്ടി പ്രാപിച്ചു് വിശുദ്ധരായി ഉയർന്നു് നല്ല പ്രത്യാശയോടും മുഖപ്രസാദത്തോടും കൂടെ കടന്നുപോയി. അവരുടെ കാൽച്ചുവടുകളെ പിന്തുടർന്നു നാമും അപ്രകാരം ചെയ്യുന്നതു് അനുഗ്രഹപ്രദമായിരിക്കുന്നു.

യേശുമശിഹാ നല്ല ഇടയൻ ആകുന്നു. നമ്മൾ അവന്റെ ആടുകൾ ആകുന്നു. ആ നല്ല ഇടയനെ അനുഗമിക്കുക. അവന്റെ പച്ചമേച്ചിലിൽ ജീവിക്കുക. അതിലെ പുൽപ്പുറങ്ങളിൽ മേഞ്ഞും നീരുറവകളിൽനിന്നു കുടിച്ചും പുഷ്ടിപ്രാപിക്കുക. കാലങ്ങൾ കടക്കും. ലോകം അവസാനിക്കും. നമ്മൾ രൂപാന്തരപ്പെടും. അന്നു സിംഹാസനത്തിന്റെ മദ്ധ്യേ ഉള്ള കുഞ്ഞാടു്—ഇപ്പോഴത്തെ നല്ല ഇടയൻ—ഇന്നു അവനെ അനുഗമിക്കുന്ന നമ്മെ അന്നും മേയ്ക്കും. ജീവജലത്തിന്റെ ഉറവുകളിലേക്ക നമ്മെ നടത്തും. അപ്പോൾ മുതൽ നമുക്ക വിശക്കുകയില്ല, ദാഹിക്കയി[illegible] വെയിലും ചൂടും നമ്മുടെമേൽ ത[illegible]യില്ല. ദൈവം നമ്മുടെ കണ്ണുക[illegible] നിന്നു കണ്ണുനീരെല്ലാം തുടച്ചു കള[illegible] ചെയ്യും. വെള്ള നിലയങ്കി ധരിച്ച[illegible]ടെ ഏവംവിധമുള്ള സൗഭാഗ്യമല്ല[illegible] മ്മുടെയും പ്രത്യാശ.

—ooo—

Printed and Published by N.M. Abraham B. A. at the Malayala Manorama Press